പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി-പത്ത്

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2015 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2015)

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2015 ജൂൺ 8-ാം തീയതി സമർപ്പിച്ചത്

(Presented on 8th June, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി-പത്ത്

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST, ENVIRONMENT AND TOURISM)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

446/2015.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 28 |

## വിഷയനിർണ്ണയ സമിതി-പത്ത്

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2013-2016)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. അജിത്

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. രാജു എബ്രഹാം

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. സണ്ണി ജോസഫ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

## അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2013-2016 കാലയളവിലേക്കുള്ള പത്താം വിഷയനിർണ്ണയ സമിതിയുടെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 18-6-2014, 21-8-2014, 23-9-2014, 31-10-2014, 21-1-2015, 24-2-2015 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഈ യോഗങ്ങളിൽ ആകെ ഹാജരായ അംഗങ്ങളുടെ ഹാജർനില 49% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ, സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവയും രണ്ടാം ഭാഗത്ത് സമിതി ശിപാർശകളിന്മേൽ ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും മൂന്നാം ഭാഗത്ത് വിവിധ സമിതിയോഗങ്ങളിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ/ശിപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളും നാലാം ഭാഗത്ത് ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളെ സംബന്ധിച്ച വിശദാംശവും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ സമിതി യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

2015 മേയ് 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി-പത്ത്.*

തിരുവനന്തപുരം,
2015 മേയ് 20.

# റിപ്പോർട്ട്

## ഭാഗം-1

(എ) വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതിയുടെ 2014-2015 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2014 ജൂൺ 9-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XVII —വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

മേജർ ഹെഡ് 3435—എക്കോളജിയും എൻവയോൺമെന്റും

ധനാഭ്യർത്ഥന നമ്പർ XX —ശുദ്ധജലവിതരണവും ശുചീകരണവും

മേജർ ഹെഡ് 2215-02-106—

വായു ജല മലിനീകരണം തടയൽ

190 (98)—കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്

ധനാഭ്യർത്ഥന നമ്പർ XXXIV —വനം

ധനാഭ്യർത്ഥന നമ്പർ XLII —വിനോദസഞ്ചാരം

(ബി) 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെ സമിതി പരിഗണിച്ച വിഷയങ്ങളടങ്ങിയ പീരിയോഡിക്കൽ റിപ്പോർട്ട് 18-6-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും, പ്രസ്തുത റിപ്പോർട്ട് 26-6-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 18-6-2014-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും 26-6-2014-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 പ്രകാരം താഴെ പറയുന്ന പ്രത്യേക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു :

446/2015. (1) 'തീർത്ഥാടന ടൂറിസം സർക്യൂട്ട്' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 31-10-2014-ലെ യോഗം അംഗീകരിക്കുകയും 3-12-2014-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 'ഉത്തരവാദിത്വ വിനോദസഞ്ചാരം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 31-10-2014-ലെ യോഗം അംഗീകരിക്കുകയും 8-12-2014-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) 'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 21-1-2015-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 10-3-2015-ൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

(4) 'വനത്തിലും സമീപ പ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 24-2-2015-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 12-3-2015-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഇ) ചട്ടം 236(6) പ്രകാരം താഴെപ്പറയുന്ന ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു :

(1) 2013-2014-ലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച വനം വകുപ്പിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 7-7-2014-ന് സഭയിൽ സമർപ്പിച്ചു.

(2) 2013-2014-ലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതു സംബന്ധിച്ച് പരിസ്ഥിതി വകുപ്പിന്റെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 3-12-2014-ന് സഭയിൽ സമർപ്പിച്ചു.

സമിതിയുടെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 6-ാമത് ശുപാർശയിന്മേലും 2013-14 ലെ മൂന്നാമത് റിപ്പോർട്ടിലെ 1 മുതൽ 15 വരെയുള്ള ശുപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണം വ്യക്തമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റ് യഥാക്രമം 18-6-2014, 23-3-2015 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

സമിതിയുടെ താഴെ ചേർത്തിട്ടുള്ള വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും 18-6-2014, 31-10-2014, 21-1-2015 എന്നീ തീയതികളിൽ ചേർന്ന യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-2015)

## പരിസ്ഥിതി വകുപ്പ്

### ശിപാർശ

3435-60-800-99—പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുടെ പ്രയോഗക്ഷമത വിലയിരുത്തുന്നതിലും ഇവയെ സമൂഹവുമായും വിദ്യാഭ്യാസ ശാസ്ത്രമേഖലകളുമായും കൂട്ടിയോജിപ്പിച്ച് പ്രസക്തമായ പരിസ്ഥിതി സംരക്ഷണ പദ്ധതി വികസിപ്പിച്ചെടുക്കുന്നതിലുമാണ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഊന്നൽ നൽകുന്നത്. പ്രസക്തമായ പരിസ്ഥിതി സംരക്ഷണ വിഷയങ്ങളിന്മേൽ ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കുക, മുൻഗണന നിശ്ചയിക്കുക, പ്രകൃതി സംരക്ഷണത്തിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ പങ്കാളികളായുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയുടെ നടത്തിപ്പിനായി ഭരണവകുപ്പിന് സഹായം നൽകുന്നതിനും ഓരോ പദ്ധതിയുടെയും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ചെലവുകൾക്കുമായി ആ പദ്ധതികൾക്ക് അനുവദിക്കുന്ന തുകയിൽ 10% ഓപ്പറേഷണൽ കോസ്റ്റായി മാറ്റുന്ന ഒരു രീതി നിലവിൽ വരുന്നതിന് നടപടി സ്വീകരിക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതമായ 100 ലക്ഷം രൂപയിൽ 10% ഓപ്പറേഷണൽ കോസ്റ്റായി മാറ്റണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 15

### സ്വീകരിച്ച നടപടി

ഈ ഇനത്തിൽ 31-11-2014 വരെ 10 ലക്ഷം രൂപയ്ക്കു മാത്രമെ ഭരണാനുമതി നൽകിയിട്ടുള്ളൂ. ബാക്കിത്തുക അനുവദിക്കുന്നതിനാവശ്യമായ വിശദമായ പ്രൊപ്പോസൽ പോലും സമർപ്പിച്ചിട്ടില്ലാത്തതിനാൽ അധിക തുക ഇപ്പോൾ അനുവദിക്കേണ്ട സാഹചര്യമില്ല

### ശിപാർശ

കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നത് വികസന ആസൂത്രണ പ്രക്രിയകളുടെ ഒരു അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിന് 2300-ൽപ്പരം കോടി രൂപയ്ക്ക് ഒരു കാലാവസ്ഥാ കർമ്മ പദ്ധതി രൂപീകരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ

അംഗീകാരത്തിനയച്ചിട്ടുള്ള സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രഭാവത്താലുള്ള സ്ഥിതി വിലയിരുത്തി കർമ്മപരിപാടികൾ രൂപീകരിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി ശാസ്ത്ര വിദ്യാർത്ഥികളുടെ പ്രാദേശിക കാലികപ്രസക്തിയുള്ള പഠനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 16

<u>സ്വീകരിച്ച നടപടി</u>

കാലാവസ്ഥാ വ്യതിയാനത്തിന് അനുവദിച്ച 100 ലക്ഷം രൂപ 15-12-2014-ൽ ചെലവഴിക്കാൻ ആരംഭിക്കുന്നതേയുള്ളൂ എന്നതിനാൽ അധിക തുക അനുവദിക്കേണ്ട സാഹചര്യമില്ല.

<u>ശിപാർശ</u>

**കെ.എസ്.ബി.സി. (കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്)**

സ്റ്റാഫ് പാറ്റേൺ പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ചെയർമാനും ശമ്പളം നൽകുന്നതിനും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2406-02-110-59-31—(ശമ്പളം) എന്ന ശീർഷകത്തിൽ 56.10 ലക്ഷം രൂപയും 2406-02-110-59-36—(ശമ്പളേതരം) എന്ന ശീർഷകത്തിൽ 1096 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 17

<u>സ്വീകരിച്ച നടപടി</u>

15-12-2014 വരെ സാലറിയിൽ 90%-വും നോൺ സാലറിയിൽ 100%-വും ആണ് തുക ചെലവായിരിക്കുന്നത്. പദ്ധതിയേതര ഇനത്തിൽ അധികമായി ആവശ്യമുള്ള തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശിപാർശ</u>

**കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ്**

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന സ്കീമിൽ വരുന്ന കെട്ടിട നിർമ്മാണം, ബോർഡിന്റെ കീഴിലുള്ള ലാബോറട്ടറികളുടെ നവീകരണം, കമ്പ്യൂട്ടറൈസേഷൻ, എൻ.എ.ബി.എൽ. അംഗീകാരം നേടൽ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ

അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 18

സ്വീകരിച്ച നടപടി

ഈ ഇനത്തിൽ അനുവദിച്ച 280 ലക്ഷം രൂപയിൽ 31-10-2014 വരെ 26.19 ലക്ഷം രൂപ മാത്രമെ ബോർഡ് ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ അധിക തുക ഇപ്പോൾ അനുവദിക്കേണ്ട സാഹചര്യമില്ല.

ഭാഗം II

**ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(2012-2013)

ശിപാർശ

വനം വകുപ്പിൽ നിന്നും വിൽക്കുന്ന തേക്കിന്റെ വിലയുടെ 5%-ഉം പൾപ്‌വുഡിന്റെ വിലയുടെ 50%-ഉം ചേർന്നുവരുന്ന തുകകൊണ്ടാണ് കേരള ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കേണ്ടത്. തേക്കിന്റെ വിലയുടെ 5% കൊണ്ട് ഫണ്ട് സ്വരൂപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതിനാൽ ഇത് 10 ശതമാനമായി ഉയർത്തി ആക്ടിൽ ഭേദഗതി വരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 6

സ്വീകരിച്ച നടപടി

കേരള നിയമസഭയുടെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി X-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 6 പ്രകാരം 1999-ലെ Kerala Forest Fund for Teak and Pulpwood Rules-ൽ ഭേദഗതി വരുത്തി, റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് തേക്കിന്റെ വിലയുടെ 5% എന്നത് 10% എന്നാക്കി ആക്ട് ഭേദഗതി ചെയ്യുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ തേക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിലെ ചെലവ് വർഷംതോറും വർദ്ധിക്കുകയും തേക്ക് വിൽപ്പനയിനത്തിലുള്ള വരവ് വർഷംതോറും കുറഞ്ഞും വരുന്ന സാഹചര്യത്തിൽ

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുക്കുമ്പോൾ വിൽക്കുന്ന തേക്കിന്റെ വിലയുടെ 10% തേക്ക് റിവോൾവിംഗ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നിർദ്ദേശം അപ്രായോഗികമാകയാൽ ഫോറസ്റ്റ് റിവോൾവിംഗ് ഫണ്ട് നിർത്തലാക്കി പകരം പബ്ലിക് അക്കൗണ്ട്സിനു കീഴിൽ ഒരു റിസർവ് ഫണ്ട് രൂപീകരിക്കുന്നതിന് ധനകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം കൂടി റിവോൾവിംഗ് ഫണ്ടിന്റെ പ്രവർത്തനം നിലനിർത്തിക്കൊണ്ട് 2014-2015 സാമ്പത്തിക വർഷം മുതൽ പബ്ലിക് അക്കൗണ്ട്സിനു കീഴിൽ Kerala Forest Teak and Pulpwood Plantation Reserve Fund ആരംഭിക്കുവാൻ സാധ്യമാകത്തക്കതരത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2013-2014)

### ശിപാർശ

2406-01-101-81—വനസംരക്ഷണം

ഫയർ ലൈനുകൾ നിർമ്മിക്കുന്നതിനും വനസംരക്ഷണ സമിതികളുടെ സഹായത്തോടെ കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശോഷിച്ചുകൊണ്ടിരിക്കുന്ന ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും കേരള വനനിയമം സെക്ഷൻ 4(1) അനുസരിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുക, കഞ്ചാവ് കൃഷി തടയുക, വനസംരക്ഷണ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, വിജിലൻസ് വിംഗിന്റെ മോണിറ്ററിംഗ് പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച 1250 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

### ശിപാർശ

4406-01-105-85—വ്യാവസായിക അസംസ്കൃത വസ്തുക്കൾ

വ്യാവസായിക ആവശ്യത്തിന് ഉപയോഗിക്കുന്ന യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങളും മറ്റ് മരങ്ങളും വച്ചുപിടിപ്പിക്കുന്നതിനും പഴയ തോട്ടങ്ങൾ പരിപാലിക്കുന്നതിനും കേന്ദ്ര നഴ്സറികളുടെ പരിപാലനത്തിനും നഴ്സറികളിൽ തൈകൾ

ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള ചെലവിന് ഉപയോഗിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച 550 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 2

<u>സ്വീകരിച്ച നടപടി</u>

ഈ ബഡ്ജറ്റ് ശീർഷകത്തിൽ 2013-2014 വർഷം വകയിരുത്തിയ 550 ലക്ഷം രൂപയ്ക്ക് പുറമെ, ബഹു. സമിതിയുടെ ശിപാർശയെ തുടർന്ന് അഡീഷണൽ ഓതറൈസേഷൻ മുഖേന 200 ലക്ഷം രൂപ കൂടി അധിക തുക ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും ആയത് അനുവദിക്കപ്പെട്ടില്ല. അതിനുശേഷം സമർപ്പിക്കപ്പെട്ട 40 ലക്ഷം രൂപയുടെ ധനപുനർവിനിയോഗ നിർദ്ദേശം പ്രസ്തുത ശീർഷകത്തിൽ മതിയായ നീക്കിയിരിപ്പ് ഉള്ളതിനാൽ അനുവദിക്കപ്പെട്ടില്ല.

<u>ശിപാർശ</u>

2406-02-110-68—<u>ജൈവവൈവിദ്ധ്യ സംരക്ഷണം</u>

വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വ ഇനങ്ങളിൽപ്പെട്ട ജന്തുസസ്യ ജാലങ്ങളുടെ സംരക്ഷണത്തിനും പ്രകൃതിദത്തമായ പൈതൃക പ്രദേശങ്ങൾ, കണ്ടൽക്കാടുകൾ എന്നിവ സംരക്ഷിക്കുന്നതിനുമുള്ള പങ്കാളിത്ത പരിപാടികൾ, ദേശാടന പക്ഷികളുടെ സംരക്ഷണം എന്നിവയ്ക്കായും വന്യജീവികളുടെ ആക്രമണങ്ങളിൽ നിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകൾ നിർമ്മിക്കുന്നതിനും സൗരോർജ്ജ വേലികൾ കെട്ടുന്നതിനും ജൈവവൈവിദ്ധ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തെക്കുറിച്ച് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന 500 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 3

<u>സ്വീകരിച്ച നടപടി</u>

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2406-02-110-98—<u>പറമ്പിക്കുളം ടൈഗർ റിസർച്ച് പ്രോജക്ട് കേന്ദ്രാവിഷ്കൃത പദ്ധതി</u>
(50% കേന്ദ്ര സഹായം)

പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ പരിപാലനത്തിനുള്ള 50% കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതമായി 340 ലക്ഷം രൂപയാണ് വകകൊള്ളിച്ചിരിക്കുന്നത്. കാട്ടുതീയിൽ നിന്നുള്ള സംരക്ഷണം, മൃഗങ്ങളെ വേട്ടയാടുന്നത്

തടയൽ, വന്യമൃഗങ്ങളുടെയും വനവസ്തുക്കളുടെയും അനധികൃത വ്യാപാരം തടയൽ, ജലസ്രോതസ്സുകളുടെ നിർമ്മാണം, തടയണകളുടെ നിർമ്മാണം, പരിസ്ഥിതി വികസന പരിപാടികൾ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പറമ്പിക്കുളം വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ ആവശ്യങ്ങൾക്കായി മേൽപ്പറഞ്ഞ തുക അപര്യാപ്തമായതിനാൽ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 4

<u>സ്വീകരിച്ച നടപടി</u>

2406-02-110-98—പറമ്പിക്കുളം ടൈഗർ റിസർച്ച് പ്രോജക്ട് കേന്ദ്രാവിഷ്കൃത പദ്ധതി (50% കേന്ദ്ര സഹായം) എന്ന ശീർഷകത്തിൽ അനുവദിച്ച 340 ലക്ഷം രൂപ അപര്യാപ്തമായിനാൽ 85 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയെ തുടർന്ന് 14-2-2014-ലെ സർക്കാർ ജി.ഒ. (ആർറ്റി.) 1051/2014/വനം. അനുസരിച്ച് റീ-അപ്രോപ്രിയേഷൻ മുഖേന 86.80 ലക്ഷം രൂപ അനുവദിക്കുകയും 430.87 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

<u>ശിപാർശ</u>

2406-01-800-98—<u>വനങ്ങളെ സംബന്ധിച്ചുള്ള പ്രചാരണവും പരസ്യവും</u>

സ്കൂൾ കുട്ടികൾക്കായുള്ള എന്റെ മരം പദ്ധതി, കോളേജ് കുട്ടികൾക്കായുള്ള നമ്മുടെ മരം പദ്ധതി, പഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതി, കൂടാതെ സ്വകാര്യ ഭൂമിയിൽ മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി തേക്ക്, ചന്ദനം, മഹാഗണി മുതലായ വൃക്ഷത്തൈകൾ സ്വന്തം ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രതിഫലം, വനങ്ങളെപ്പറ്റിയുള്ള പ്രചരണം, ബോധവൽക്കരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 900 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 340 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 5

<u>സ്വീകരിച്ച നടപടി</u>

2406-01-800-98—ശീർഷകത്തിൽ 900 ലക്ഷം രൂപയാണ് 2013-2014 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ഉണ്ടായിരുന്നത്. ഈ തുക അപര്യാപ്തമാണെന്ന് കണ്ട് അഡീഷണൽ ഓതറൈസേഷൻ മുഖേന 340 ലക്ഷം രൂപകൂടി അധിക തുക ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും ആയത് അനുവദിക്കപ്പെട്ടില്ല. സംസ്ഥാനം നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ ഇതു സംബന്ധിച്ച ചെലവ് ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തണമെന്ന് നിർദ്ദേശം നൽകി.

ശിപാർശ

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

വന്യജീവികൾ, പ്രത്യേകിച്ചും ആനകളും കാട്ടുപന്നികളും വനാതിർത്തിയിൽ താമസിക്കുന്നവരുടെ വിളകൾക്ക് നാശമുണ്ടാക്കുന്നു. ആനകളുടെ പ്രവേശനം തടയുന്നതിനുള്ള കിടങ്ങുകൾ, പരുക്കൻ കല്ലുകൾ ഉപയോഗിച്ചുള്ള ഭിത്തികൾ, ജൈവ വേലി, സൗരോർജ്ജ വേലികൾ എന്നിങ്ങനെ കൃഷിഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 6

സ്വീകരിച്ച നടപടി

2406-01-800-56—മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ എന്ന ശീർഷകത്തിൽ അനുവദിച്ച 400 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയെത്തുടർന്ന് 600 ലക്ഷം രൂപ എസ്.ഡി.ജി. പ്രകാരം അധികമായി ലഭ്യമാക്കിയിരുന്നു. ടി ശീർഷകത്തിൽ 988 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശിപാർശ

2406-01-101-84—13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പദ്ധതികൾ

13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പദ്ധതികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 7

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കണമെന്ന് ധന വകുപ്പിനോട് ശിപാർശ ചെയ്തെങ്കിലും 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത മുഴുവൻ തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പ് അത് പരിഗണിച്ചിരുന്നില്ല.

ശിപാർശ

2406-01-003-99—വിദ്യാഭ്യാസവും പരിശീലനവും

വാളയാറിലും അരിപ്പയിലും പി.റ്റി.പി. നഗറിലുമുള്ള പരിശീലന കേന്ദ്രങ്ങളുടെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വനഗവേഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വനം വകുപ്പിനും സർക്കാരിതര സംഘടനകൾക്കും കഴിവ് വർദ്ധിപ്പിക്കുന്നതിനും, അവബോധം വളർത്തുന്നതിനുമുള്ള പരിശീലന പരിപാടികൾ നടത്തുന്നതിനും വർക്ക്ഷോപ്പ്, സെമിനാറുകൾ, കായികക്ഷമതാ പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 8

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2406-01-070-98-17—ചെറുകിട മരാമത്ത് പണികൾ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ മരാമത്ത് പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച 30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 9

ശിപാർശ

2406-01-070-98-18—കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ

പി.റ്റി.പി. നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ മരാമത്ത് പണികൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 10

<u>സ്വീകരിച്ച നടപടി</u>

9, 10 എന്നീ ഖണ്ഡികകളിലെ ശിപാർശ പ്രകാരം 2406-01-070-98-17, 2406-01-070-98-18 എന്നീ ശീർഷകങ്ങളിൽ ശിപാർശ ചെയ്തിരുന്ന 20 ലക്ഷം രൂപ വീതം അഡീഷണൽ ഓതറൈസേഷൻ മുഖേന അധികമായി അനുവദിക്കുന്നതിലേക്കായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് അനുവദിക്കപ്പെട്ടില്ല.

<u>ശിപാർശ</u>

2406-01-105-94—<u>കന്നുകാലികൾ</u>

വനം വകുപ്പ് വക ആന, മാൻ, മൃഗശാല തുടങ്ങിയവയുടെ പരിചരണത്തിനും സംരക്ഷണങ്ങൾക്കുമായി ഈ ശീർഷകത്തിൽ അനുവദിച്ച 172.80 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 11

<u>സ്വീകരിച്ച നടപടി</u>

2406-01-105-94—കന്നുകാലികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 172.80 ലക്ഷം രൂപ അപര്യാപ്തമായിരുന്നതിനാൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും 27-12-2013-ലെ ജി.ഒ. (ആർറ്റി.) 9743/2013/ഫിൻ. അനുസരിച്ച് അഡീഷണൽ ഓതറൈസേഷൻ മുഖേന ടി തുക ലഭിക്കുകയുമുണ്ടായി. ആയതിൽ 268.95 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

<u>ശിപാർശ</u>

വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനു വേണ്ടി അനുവദിച്ചിരിക്കുന്ന 32.32 ലക്ഷം രൂപ അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരം വിവിധ ശീർഷകങ്ങളിൽ 27.28 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

2406-01-001-99-01-(4)

ബഡ്ജറ്റ് വിഹിതം : 32.32 ലക്ഷം രൂപ

| *ക്രമ നമ്പർ* | *ശീർഷകം* | *അധിക ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | 2406-01-001-99—ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് | |
| | 01(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 6.25 |
| 2 | 2406-01-001-98—ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റേഴ്സ് | |
| | 01(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 3.00 |
| 3 | 2406-01-001-97—വർക്കിംഗ് പ്ലാൻ & റിസർച്ച് സർക്കിൾ | |
| | 01(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.50 |
| 4 | 2406-01-001-96—വിജിലൻസ് & ഇവാല്യുവേഷൻ | |
| | 01(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 4.00 |
| 5 | 2406-01-001-95—ഡിസ്ട്രിക്ട് ഓഫീസസ് | |
| | 01(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 12.53 |
| | ആകെ | 27.28 |

ഖണ്ഡിക 12

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി വിവിധ ഹെഡ്ഡുകളിൽ 2013-2014 വർഷം വകയിരുത്തിയിരിക്കുന്ന 32.72 ലക്ഷം രൂപ അപര്യാപ്തമായതിനാൽ സമിതിയുടെ ശിപാർശയെ തുടർന്ന് അഡീഷണൽ ഓതറൈസേഷൻ മുഖേന 27.58 ലക്ഷം രൂപ കൂടി അധിക തുക ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും ആയത് അനുവദിക്കപ്പെട്ടില്ല. തുടർന്ന് സമർപ്പിക്കപ്പെട്ട ധനപുനർവിനിയോഗ നിർദ്ദേശത്തിന്മേൽ 20-3-2014-ലെ ജി.ഒ. (ആർടി.) നമ്പർ 2284/14/ധന. പ്രകാരം 5.50 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

വനം വകപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ഇനത്തിൽ വിവിധ ശീർഷക ങ്ങളിലായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 76.45 ലക്ഷം രൂപ അപര്യാപ്തമായ തിനാലും മുൻകാലങ്ങളിലുള്ള യാത്രാ ചെലവുകളുടെ ബില്ലുകൾ പല ഡിവിഷനുകളിലും പാസാക്കേണ്ടതായിട്ടുള്ളതിനാലും യാത്രാബത്ത ഇനത്തിൽ താഴെപ്പറയും പ്രകാരം 23.55 ലക്ഷം രൂപ അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| *ക്രമ നമ്പർ* | *ശീർഷകം* | *അധിക ആവശ്യമുള്ള സംഖ്യ (രൂപ ലക്ഷത്തിൽ)* |
|---|---|---|
| 1 | 2406-01-001-99—ഓഫീസ് ഓഫ് ദി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്<br>04(1)—യാത്രാബത്ത | 7.00 |
| 2 | 2406-01-001-96—വിജിലൻസ് & ഇവാല്യുവേഷൻ<br>04(1)—യാത്രാബത്ത | 6.00 |
| 3 | 2406-01-001-95—ഡിസ്ട്രിക്ട് ഓഫീസസ്<br>04(1)—യാത്രാബത്ത | 10.55 |
| | ആകെ | 23.55 |

ഖണ്ഡിക 13

സ്വീകരിച്ച നടപടി

ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

ശിപാർശ

പൊതു ശിപാർശ

വനസംരക്ഷണത്തെ സംബന്ധിച്ചും വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്ന തിനുമായി വനത്തിനുള്ളിൽ ബോധവൽക്കരണം നടത്തുന്നതിലേക്ക് നബാർഡിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ വിഹിതം ലഭ്യമാക്കുവാൻ ശ്രമിക്കുന്നതിനോടൊപ്പം സംസ്ഥാന ഗവൺമെന്റിൽനിന്ന് കൂടുതൽ ഫണ്ട് വനത്തിനുള്ളിലെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 14

സ്വീകരിച്ച നടപടി

വനസംരക്ഷണത്തെ സംബന്ധിച്ചും വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുന്നതിനെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിലേക്കും മറ്റുമായി നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് 435.39 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും കൂടാതെ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 1685 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് പ്രൊപ്പോസലും സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് 27-3-2014-ലെ ജി.ഒ. (ആർറ്റി.) 155/2014/വനം വന്യജീവി സർക്കാർ ഉത്തരവ് മുഖേന അനുമതി നൽകി പ്രസ്തുത പദ്ധതികൾ തൻവർഷം നടപ്പാക്കുവാൻ നടപടി കൈക്കൊണ്ടുവരുന്നു.

ശിപാർശ

മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങളുടെ ഫലമായി ജീവനാശം സംഭവിച്ചാൽ 3 ലക്ഷം രൂപയും പരിക്കുപറ്റുന്നവർക്ക് 75,000 രൂപയുമാണ് നഷ്ടപരിഹാരം നൽകിവരുന്നത്. ഇതിൽ പരിക്ക് പറ്റുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരം 75,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 15

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഈ ശിപാർശ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കൃഷിനാശം, വീട് നഷ്ടം ഇവയ്ക്ക് ഇപ്പോൾ നൽകിവരുന്ന നഷ്ടപരിഹാരതുകയായ 75,000 രൂപ 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ഭാഗം III

**വിവിധ സമിതിയോഗ നിർദ്ദേശങ്ങൾ/ശിപാർശകളിന്മേൽ ലഭ്യമാക്കിയ മറുപടി**

## 24-1-2012-ലെ സമിതി യോഗത്തിലെ അധികശിപാർശകൾക്കു ലഭ്യമാക്കിയ മറുപടി

ശിപാർശ

കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിയമം നിലവിലുള്ളതുപോലെ നമ്മുടെ സംസ്ഥാനത്തും ഇത്തരം നിയമം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>സ്വീകരിച്ച നടപടി</u>

കണ്ടൽക്കാടുകൾ സംരക്ഷണത്തിനായുള്ള കേരളത്തിലെയും മറ്റ് സംസ്ഥാനങ്ങളിലെയും നിലവിലുള്ള നിയമങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. ഇതിൽ പശ്ചിമബംഗാൾ സർക്കാരിന്റെ നിയമങ്ങൾ പരിശോധിച്ചതിൽ The West Bengal Trees (Protection and Conservation in Non Forest Areas) Act, 2006-ന്റെ 21-ാം വകുപ്പും ബന്ധപ്പെട്ട schedule-ഉം പ്രകാരം കണ്ടൽക്കാടുകളുടെ സംരക്ഷണം ഫലപ്രദമായി ഉറപ്പാക്കിയിട്ടുള്ളതായി കാണുന്നു.

കേരളത്തിൽ നിലവിലുള്ള 2007-ൽ ഭേദഗതി ചെയ്ത The Kerala Promotion of Tree growth in Non Forest Areas Act, 2005 Section 6 (3) പ്രകാരം സ്വകാര്യ കണ്ടൽക്കാടുകൾ പ്രത്യേക വിജ്ഞാപനം വഴി സംരക്ഷിക്കാവുന്നതും നശിപ്പിക്കുന്നത് തടയാവുന്നതുമാണ്. കണ്ടൽ ചെടികൾ specified tree-ന്റെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട കൈവശക്കാർക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുവാദമില്ലാതെ കണ്ടൽ ചെടികൾ മുറിച്ചുനീക്കാൻ കഴിയുന്നതാണ്. ഇത്തരം പ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ വെട്ടിനശിപ്പിക്കുന്നത് പ്രായോഗികമായി തടയാൻ കഴിയുകയില്ല. കേരളത്തിലെ മിക്ക കണ്ടൽക്കാടുകളും ഒരു ഹെക്ടറിന് താഴെയുള്ളവയാണ്.

ആയതിനാൽ മേൽസൂചിപ്പിച്ച നിയമപ്രകാരം ഒരു ഹെക്ടറിന് താഴെയുള്ള കണ്ടൽ ചെടികൾ ഉടമസ്ഥർക്ക് മുറിച്ചുനീക്കാൻ നിയന്ത്രണം വേണമെങ്കിൽ നിലവിലുള്ള നിയമം ഭേദഗതി ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ സ്വകാര്യ കൈവശസ്ഥലത്തുനിന്നും കണ്ടൽ ചെടി നശിപ്പിക്കുന്നതിനെതിരെ കേസ് എടുക്കുന്നതിലേക്കുള്ള ബുദ്ധിമുട്ടുകൾ വനം വകുപ്പ് പരിഗണിച്ചതായി ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സംരക്ഷണം) സർക്കാരിനെ അറിയിച്ചിരിക്കുന്നു.

പ്രശ്നത്തിന്റെ എല്ലാ വിഷയങ്ങളും പരിഗണിച്ച് ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനമെടുക്കുന്നതാണ്.

## 14-2-2013-ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എടുത്ത തുടർനടപടികളുടെ റിപ്പോർട്ട്

<u>ശിപാർശ</u>

വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുക, നഷ്ടപരിഹാരത്തുക വർഷത്തിലൊരിക്കൽ നൽകുന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തി പകരം നാലുതവണയായി നൽകുക.

ഖണ്ഡിക 1

സ്വീകരിച്ച നടപടി

വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരതുകകൾ 22-2-2013-ലെ ജി.ഒ. (എംഎസ്.) 32/2013/വനം നമ്പർ ഉത്തരവ് പ്രകാരം താഴെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു).

(1) സ്ഥിരമായ അംഗവൈകല്യത്തിന് നൽകിവന്നിരുന്ന 25,000 രൂപയുടെ നഷ്ടപരിഹാരം 75,000 രൂപയായി വർദ്ധിപ്പിച്ചു.

(2) കന്നുകാലികൾ, കൃഷി, വീട് തുടങ്ങിയവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നല്കിവന്നിരുന്ന പരമാവധി നഷ്ടപരിഹാരത്തുക 50,000 രൂപയിൽ നിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചിരുന്നു.

(3) വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന പരിക്കുകൾക്ക് നല്കിവന്നിരുന്ന പരമാവധി നഷ്ടപരിഹാരത്തുക 5,000 രൂപയിൽനിന്നും 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(4) വർഷത്തിൽ ഒരു പ്രാവശ്യം മാത്രമേ ഒരാൾക്ക് നഷ്ടപരിഹാരം നല്കുവാൻ കഴിയൂ എന്ന വ്യവസ്ഥ ഒഴിവാക്കി, ഒരാൾക്ക് വർഷത്തിൽ പരമാവധി നാല് തവണ വരെ വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാവുന്നതാണ് എന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്.

ശിപാർശ

കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള ഉത്തരവ് പരിഷ്കരിക്കുന്നതിനായി ബന്ധപ്പെട്ട വൈൽഡ്‌ലൈഫ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശിപാർശ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് കാലോചിതമായ മാറ്റങ്ങൾ വരുത്തുക.

ഖണ്ഡിക 2

സ്വീകരിച്ച നടപടി

കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ചു കൊല്ലുന്നതിന് നൽകിയിരുന്ന ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി 19-3-2013-ലെ ജി.ഒ. (എംഎസ്.) 31/2013 നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.)

ശിപാർശ

കൃഷിനാശത്തിന് വീട് നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തുക 50,000 രൂപയിൽ നിന്നും 75,000 രൂപയാക്കിയത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുക.

ഖണ്ഡിക 3

സ്വീകരിച്ച നടപടി

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഈ ശിപാർശ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് കൃഷിനാശം, വീട് നഷ്ടം ഇവയ്ക്ക് ഇപ്പോൾ നല്കിവരുന്ന നഷ്ടപരിഹാരത്തുകയായ 75,000 രൂപ 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## 16-4-2013-ലെ സമിതി യോഗനിർദ്ദേശങ്ങളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി

ശിപാർശ

കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുക.

ഖണ്ഡിക 1

സ്വീകരിച്ച നടപടി

1980-ലെ കേരളാ റൂൾസ് ഫോർ കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് അനിമൽസ് എന്ന ചട്ടപ്രകാരം വനം വകുപ്പ് വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഈ ചട്ടം കാലാകാലങ്ങളിൽ താഴെ പറയും പ്രകാരം പരിഷ്കരിച്ച് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുകകൾ പുതുക്കി നൽകിവരുന്നുണ്ട്.

| ക്രമ നമ്പർ | സർക്കാർ ഉത്തരവ് | നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|
| 1 | 1980-ലെ ചട്ടപ്രകാരം | നഷ്ടത്തിന്റെ 50% (പരമാവധി 2,000 രൂപ വരെ) |
| 2 | ജി.ഒ.(ആർറ്റി.) നമ്പർ 542/88/വനം തീയതി 15-12-1988 | നഷ്ടത്തിന്റെ 75% (പരമാവധി 5,000 രൂപ വരെ) |
| 3 | ജി.ഒ.(ആർറ്റി.) നമ്പർ 430/99/വനം തീയതി 30-10-1999 | നഷ്ടത്തിന്റെ 75% (പരമാവധി 10,000 രൂപ വരെ) |
| 4 | ജി.ഒ.(ആർറ്റി.) നമ്പർ 283/2009/വനം തീയതി 16-6-2000 | നഷ്ടത്തിന്റെ 75% (പരമാവധി 50,000 രൂപ വരെ) |
| 5 | ജി.ഒ.(ആർറ്റി.) നമ്പർ 297/2010/വനം തീയതി 7-7-2010 | നഷ്ടത്തിന്റെ 100% (പരമാവധി 50.000 രൂപ വരെ) |
| 6. | ജി.ഒ.(ആർറ്റി.) നമ്പർ 32/2013/വനം തീയതി 22-3-2010 | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ വരെ) |

മേൽപ്പറയുന്ന 6-ാമത് സർക്കാർ ഉത്തരവ് പ്രകാരം വന്യജീവി ആക്രമണംമൂലമുള്ള കാർഷിക നാശനഷ്ടങ്ങൾക്ക് നിലവിൽ നാശനഷ്ടത്തിന്റെ 100% പരമാവധി 75,000 രൂപ വരെ ഈ ഉത്തരവിൻ പ്രകാരം വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം നല്കുന്നത് ഒരു വ്യക്തിക്ക് ഒരു വർഷത്തിൽ ഒരു പ്രാവശ്യം എന്ന വ്യവസ്ഥ പരിഷ്കരിച്ച് ഒരു വർഷത്തിൽ 4 പ്രാവശ്യം നഷ്ടപരിഹാരം നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെയായി നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ തീരുമാന പ്രകാരം കാർഷികവിളയ്ക്ക് നല്കിവരുന്ന നഷ്ടപരിഹാരത്തുക 75,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ പരിഗണനയിലാണ്.

വന്യജീവി ആക്രമണംമൂലം കാർഷികവിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ 5 വർഷം നൽകിയ നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | അപേക്ഷകളുടെ എണ്ണം | നല്കിയ നഷ്ടപരിഹാര തുകയുടെ വിവരം (രൂപയിൽ) |
|---|---|---|---|
| 1 | 2008-2009 | 1626 | 47,30,495 |
| 2 | 2009-2010 | 2770 | 1,04,30,712 |
| 3 | 2010-2011 | 3299 | 1,41,91,174 |
| 4 | 2011-2012 | 6076 | 2,83,03,923 |
| 5 | 2012-2013 | 5819 | 3,08,54,422 |

<u>ശിപാർശ</u>

കൃഷിഭൂമിയിൽ ഇറങ്ങുന്ന ആനകളെ മയക്കുവെടിവെച്ച് മയക്കിയതിനുശേഷം അവയെ കാട്ടിൽ കൊണ്ടുവിടുന്നതിനായി രൂപീകരിക്കുന്ന സ്ക്വാഡിനെ സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുക.

ഖണ്ഡിക 2

<u>സ്വീകരിച്ച നടപടി</u>

കാട്ടിനുള്ളിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യജീവനും വസ്തുവകകൾക്കും കാർഷിക വിളകൾക്കും നാശനഷ്ടം വരുത്തുന്ന കാട്ടാനകളെ കുങ്കി ആനകളുടെ സഹായത്തോടെ തിരികെ കാട്ടിലേക്ക് കൊണ്ടുവിടുന്നതിനായി വനം വകുപ്പ് വയനാട്, നിലമ്പൂർ എന്നിവിടങ്ങളിലായി 2 എലിഫന്റ് സ്ക്വാഡുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി നാശനഷ്ടങ്ങൾ ഉണ്ടാക്കുന്ന കാട്ടാന അടക്കമുള്ള വന്യജീവികളെ വനത്തിനുള്ളിലേക്ക് തുരത്തിയോടിക്കുന്നതിനായി കണ്ണൂർ, വയനാട്, നിലമ്പൂർ, പാലക്കാട്, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങൾ ആസ്ഥാനമാക്കി 8 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

നാച്ചുവേൽ മേഖലയിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിൽനിന്ന് ഒഴിഞ്ഞു പോകാൻ തയ്യാറായ 10 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ഖണ്ഡിക 4

<u>സ്വീകരിച്ച നടപടി</u>

ഇടുക്കി ജില്ലയിലെ നാച്ചവേൽ മേഖലയിലെ പത്ത് വീട് പ്രദേശത്തെ ഏകദേശം ഒരേക്കർ സ്ഥലം ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇവിടെയുള്ള 10 കുടുംബങ്ങളിൽ 7 പേർ ഇ.എഫ്.എൽ. വിജ്ഞാപനത്തിൽനിന്ന് തങ്ങളുടെ സ്ഥലം ഒഴിവാക്കുന്നതിന് ഇ.എഫ്.എൽ. നിയമത്തിലെ വകുപ്പ് 10 (എ) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3 പേർ 10 (എ) പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞിട്ടാണ് അപേക്ഷ നൽകിയത്. 7 പേരുടെ അപേക്ഷയിന്മേൽ തുടർ നടപടി കൈക്കൊള്ളുന്നതിന് ഇ.എഫ്.എൽ. സി.ഡി.ആർ. കമ്മിറ്റി സ്ഥലപരിശോധനയ്ക്കെത്തിയപ്പോൾ എല്ലാപേരുടെയും അപേക്ഷകളിന്മേൽ ഒരുമിച്ച് പരിഹാരം കണ്ടെത്തണമെന്ന ആവശ്യമുയർന്നതിനാൽ കമ്മിറ്റിക്ക് സ്ഥലപരിശോധന പൂർത്തീകരിക്കാനായില്ല.

ഇ.എഫ്.എൽ. നിയമത്തിലെ വകുപ്പ് 10 (എ) പ്രകാരമുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി നീട്ടിക്കിട്ടുന്നതിനുള്ള നിയമ ഭേദഗതിക്കുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. 10 (എ) പ്രകാരമുള്ള അപേക്ഷകളിൽ തീരുമാനമാകുന്നതിന് മുമ്പ് അവിടെ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് നിയമപ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ അത്തരത്തിലൊരു തീരുമാനം സർക്കാരിന്റെ പരിഗണനയിലില്ല.

<u>ശിപാർശ</u>

കമ്പണ്ണൂർ എന്ന സ്ഥലത്തെ തേക്ക് പ്ലാന്റേഷനിലെ തേക്കുമരങ്ങൾ മുറിക്കുന്നതിനെതിരെ നാട്ടുകാർ നൽകിയ പരാതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക.

ഖണ്ഡിക 5

<u>സ്വീകരിച്ച നടപടി</u>

പരാതിയിൽ പരാമർശിക്കുന്ന വട്ടപ്പാറ തേക്ക് തോട്ടം നിലനിൽക്കുന്ന പ്രദേശം ജൈവവൈവിധ്യ മേഖലയോ അമൂല്യമായ പച്ചമരുന്നുകളുടെയും ഔഷധ സസ്യങ്ങളുടെയും ശേഖരണ കേന്ദ്രമോ കൂടാതെ ദേശാടനപക്ഷികളുടെ അഭയ കേന്ദ്രമോ അല്ല. തേക്ക് തോട്ടത്തിലൂടെ ജല സ്രോതസ്സുകൾ ഒന്നുംതന്നെയില്ല. ആയതിനാൽ ടി തേക്ക് തോട്ടം മുറിക്കുന്നതുമൂലം ജലക്ഷാമം ഉണ്ടാകുമെന്ന് പറയുന്നത് ശാസ്ത്രീയ നിഗമനത്തിലല്ല. 10.72 ഹെക്ടർ വിസ്തീർണ്ണമുള്ള 1950 വട്ടപ്പാറ തേക്ക് തോട്ടത്തിന്റെ അന്തിമവെട്ട് വർക്കിംഗ് പ്ലാൻ അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി തോട്ടത്തിന്റെ അന്തിമവെട്ട് ജോലികൾക്കായി ടെണ്ടർ ക്ഷണിക്കുകയും ആയത് അംഗീകരിച്ച് തോട്ടം തീർത്തുവെട്ട് പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ടി സ്ഥലത്ത് പുതിയ തേക്ക് തൈകൾ നട്ടുപിടിപ്പിക്കാൻ

നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി തേക്ക് തോട്ടത്തിന് മൂന്നുവശവും സ്വകാര്യ വ്യക്തികളുടെ കൈവശ ഭൂമിയാണ്. പാകമായ തേക്ക് തോട്ടം മുറിച്ച് പകരം പുതിയ തോട്ടം വച്ചുപിടിപ്പിക്കുന്നതുമൂലം പരാതിയിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഒന്നുംതന്നെ ഉണ്ടാകാനിടയില്ല.

പുതിയ തേക്ക് തൈകൾ വച്ചുപിടിപ്പിക്കുന്നതുമൂലം ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് തടസ്സമുണ്ടാകുമോ എന്നുള്ള ഭയംമൂലമാകാം ഇത്തരം ഒരു പരാതി അയച്ചിരിക്കുന്നത്. ആയതിനാൽ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അടിസ്ഥാന രഹിതമാണെന്ന് ബഹു. നിയമസഭ സമിതിയുടെ അറിവിലേക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ശിപാർശ

വാച്ചുമരം കോളനിയിലെ മലക്കപ്പാറയിൽ വൈദ്യുതി കണക്ഷൻ നൽകുന്നതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡും മാനേജ്മെന്റും തമ്മിലുള്ള തർക്കം പരിഹരിച്ച് വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

ഖണ്ഡിക 6

സ്വീകരിച്ച നടപടി

വാഴച്ചാൽ വനം ഡിവിഷനിലെ വാച്ചുമരം കോളനിയിൽ വൈദ്യുതീകരണം നടത്തുന്നതിനായി വനാവകാശ നിയമം 2006 പ്രകാരമുള്ള അപേക്ഷ കെ.എസ്.ഇ.ബി. അധികൃതർ കൊല്ലത്തിരമേട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മുഖേന ഡി.എഫ്.ഒ., വാഴച്ചാൽ ഓഫീസിൽ 19-3-2013-ന് സമർപ്പിക്കുകയും തുടർന്ന് ടി ഓഫീസിൽനിന്ന് 8-4-2013-ന് അനുമതി പത്രം നല്കിയിട്ടുള്ളതുമാണ്. ആയതനുസരിച്ച് വാച്ചുമരം കോളനിയിൽ വൈദ്യുതീകരണത്തിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

ശിപാർശ

മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിന് കൂടുതൽ തുക അനുവദിക്കുക.

ഖണ്ഡിക 7

സ്വീകരിച്ച നടപടി

മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിന് '2406-01-800-56—Measures to Reduce Man-animal Conflict' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 2013-2014 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ധനകാര്യ

വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ വന്യജീവി ആക്രമണം ചെറുക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ അനുവദിക്കുമെന്ന പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം വയനാട് വന്യജീവി ഡിവിഷനിലും നിലമ്പൂർ സൗത്ത് ഡിവിഷനിലുമായി വന്യജീവി ആക്രമണം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി 6 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മേൽ വിഭാഗത്തിലുള്ള ചെലവുകൾക്കായി 256 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കുകയും ഇതിൽ 2013-2014 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ ചെലവഴിച്ച് വന്യജീവി ആക്രമണം തടയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ 13-11-2013-ലെ G.O.(Ms.) No. 103/2013/F&WLD പ്രകാരം സർക്കാർ ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യ-മൃഗ സംഘർഷം തടയുന്നതിന് വരുംവർഷങ്ങളിലും കൂടുതൽ തുക അനുവദിക്കുന്നതാണ്. ഇത് കൂടാതെ സംസ്ഥാനത്തെ എല്ലാ ഭാഗത്തുമുള്ള വന്യജീവി ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിനുള്ള സമഗ്രമായ ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ വന്യജീവി വിഭാഗം മുഖ്യ വനപാലകന് 7-1-2014-ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശിപാർശ

ഗവി സന്ദർശനത്തിനെത്തുന്നവർക്ക് രണ്ടുസ്ഥലത്ത് ഫീസ് ഈടാക്കുന്നത് സന്ദർശകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടി ലഭ്യമാക്കുക.

ഖണ്ഡിക 8

## സ്വീകരിച്ച നടപടി

ഗവി സന്ദർശനത്തിനെത്തുന്ന സന്ദർശകരിൽനിന്നും രണ്ടുസ്ഥലത്തുവച്ച് ഫീസ് ഈടാക്കുന്നത് സന്ദർശകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും ഇക്കാര്യത്തിൽ ബഹു. മുഖ്യമന്ത്രി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ഇക്കാര്യം 3-5-2013-ൽ ചേർന്ന സി.സി.എഫ്. കൗൺസിൽ വിശദമായി ചർച്ചചെയ്യുകയും ഗവി സന്ദർശിക്കുന്ന സന്ദർശകരുടെ വാഹനങ്ങൾക്ക് നിശ്ചിത ഫീസ് പച്ചക്കാനം ചെക്ക് പോസ്റ്റിൽനിന്ന് മാത്രം ശേഖരിച്ചാൽ മതിയെന്ന് തീരുമാനം എടുക്കുകയും ആയത് നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഫീൽഡ് ഡയറക്ടർ പെരിയാർ ടൈഗർ റിസർവ്വിന് 10-5-2013-ൽ നൽകുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

## 23-4-2013-ലെ സമിതിയോഗം ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി

# പരിസ്ഥിതി വകുപ്പ്

ശിപാർശ

ശബരിമലയിലെ ഖരമാലിന്യ പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിന് , നടപടി സ്വീകരിക്കുക.

ഖണ്ഡിക 1

സ്വീകരിച്ച നടപടി

ശബരിമലയിലെ ഖരമാലിന്യ പ്ലാന്റിന്റെ കാര്യത്തിൽ സാങ്കേതിക കാര്യങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് തലത്തിൽ പരിശോധനയ്ക്ക് വിധേയമാകുന്നതേയുള്ളൂ എന്ന ആദ്യ റിപ്പോർട്ടിനുശേഷം കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ശിപാർശ

മെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനായി കേരളത്തിൽ രണ്ട് ജില്ലകൾക്കായി ഒരു പൊതു പ്ലാന്റ് സ്ഥാപിക്കുന്നതിനായി കേന്ദ്ര വിഹിതമായ 1 കോടി രൂപയോടൊപ്പം സംസ്ഥാന വിഹിതമായി 1 കോടി രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കുക.

ഖണ്ഡിക 2

സ്വീകരിച്ച നടപടി

രണ്ട് ജില്ലകൾക്ക് ഒരു ബയോമെഡിക്കൽ മാലിന്യ പൊതുസംഭരണ കേന്ദ്രം എന്ന നിലപാട് തത്വത്തിൽ സ്വീകരിച്ചിരുന്നതാണ്. ഈ പദ്ധതിക്കായി സംസ്ഥാന സബ്സിഡി വിഹിതം നല്കാൻ കഴിയുന്ന സ്ഥിതിയിലുള്ള അപേക്ഷകളില്ല. എറണാകുളം ജില്ലയിൽ അമ്പലമേട്ടിൽ സ്ഥാപിക്കാനുള്ള പ്ലാന്റിന്റെ അപേക്ഷ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചു. ക്ലിയറൻസ് കിട്ടിയിട്ടില്ല. തിരുവനന്തപുരത്തും കോഴിക്കോട്ടും സ്ഥാപിക്കാനുള്ള പ്ലാന്റുകൾക്കുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. എന്നാൽ തിരുവനന്തപുരത്തേതിന് വനം വകുപ്പിന്റെ എതിർപ്പുമൂലം പുരോഗതിയുണ്ടായിട്ടില്ല. കോഴിക്കോട് ജില്ലയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് സ്ഥാപനാനുമതി നൽകിയിട്ടുണ്ട്. സബ്സിഡി തുക വകയിരുത്തിയിരിക്കുന്നത് (3 കോടി) ചെലവാക്കാനുള്ള സാഹചര്യം ഇപ്പോൾ നിലവിലില്ല.

# ടൂറിസം വകുപ്പ്

ശിപാർശ

തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക.

ഖണ്ഡിക 1

<u>സ്വീകരിച്ച നടപടി</u>

തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതികൾ ഉൾപ്പെടുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു :

| Sl.No. | Name of the Projects |
|---|---|
| 1 | 2 |
| 1 | Feasibility study and preparatory activities for the Thalassery Heritage Circuit Tourism Project |
| 2. | Improvement of Hollow Way Road |
| 3 | Improvement of Road to Saidharpally-Temple gate-Kannichira Road |
| 4 | Improvement of the road connecting Peralassery Temple-AKG Smarakam and Makreri Temple from SH at Peralassery |
| 5 | Improvement of Road to Sree Rajarajeswara Temple in Kannur District |
| 6 | Improvement to Koduvally Junction to Vamal Kshetram Road |
| 7 | Improvements of Roads to Venus Junction-Railway Station-Sangamam Junction |
| 8 | Improvements of roads to Narangapuram-Keezhathimukku-Manjodi Junction and Chirakkara-Keezhanthimukku Randam Gate Road |
| 9 | Improvement of Thalassery Coorg Road from Sangamam Junction to Eranholipalam Road |
| 10 | Improvement of the Road surface of Pabhath Junction-Guest House-Girls High School-Payyambalam Beach |
| 11 | Improvements to the riding quality to the Road-Muzhappilangad kulam Bazar to Muzhappilangad Beach of the Road |

| 1 | 2 |
|---|---|
| 12 | Renovation of Gundert bunglow—Proposed museum on Basal Mission |
| 13 | Construction of traditional folk arts performance—Centre at Kannappuram |
| 14 | Construction of Theyyam performance Centre at Thalassery |
| 15 | Interpretation Centre on Folklore Arts at Chirakkal |
| 16 | Construction of Museum at British settlement in Kannur (CSI Church) |
| 17 | Construction of Museum of cakes at Thalassery |
| 18 | Conservation works of Arakkal Kettu (Arakkal Museum) |
| 19 | Setting-up of special implementation Team and office for the project |
| 20 | Signages and pavements for Thalassery heritage Circuit Tourism Project |
| 21 | Construction of New building for KITTS Training Centre at Thalassery |
| 22 | Construction of Bye-pass road to Thalassery Town connecting Koduvally Junction (NH 17) to Mahe Bridge (NH 17) |
| 23 | Construction of walkway from Sea view part to over Burry's folly along seashore |
| 24 | Development of Jawahar Ghar at Thalassery |
| 25 | Construction of Koduvally Bridge at Thalassery |

ശിപാർശ

ചിന്നക്കനാലിൽ ആംഗ്ലിംഗ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുക.

ഖണ്ഡിക 2

സ്വീകരിച്ച നടപടി

ചിന്നക്കനാലിൽ ആംഗ്ലിംഗ് ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായി ആലോചിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

തുമ്പൂർമുഴിയിൽ വരുന്ന ടൂറിസ്റ്റുകളിൽ നിന്ന് ഈടാക്കുന്ന തുകയുടെ ഒരു വിഹിതം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഡി.എം.സി.-ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

ഖണ്ഡിക 3

സ്വീകരിച്ച നടപടി

തുമ്പൂർമുഴിയിൽ വരുന്ന ടൂറിസ്റ്റുകളിൽ നിന്ന് ഈടാക്കുന്ന തുകയുടെ ഒരു വിഹിതം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഡി.എം.സി.-ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശിപാർശ

ശബരിമലയിൽ സന്നിധാനത്തോ പമ്പയിലോ ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ഖണ്ഡിക 4

സ്വീകരിച്ച നടപടി

ശബരിമലയിലോ പമ്പയിലോ സന്നിധാനത്തോ ഒരു സർക്കാർ ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി പമ്പയിലോ സന്നിധാനത്തോ അനുയോജ്യമായ ഒരേക്കർ സ്ഥലം അനുവദിച്ച് നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറോടും പത്തനംതിട്ട ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## ജൈവവൈവിധ്യ സംരക്ഷണം എക്സ്റ്റൻഷൻ ഫോറസ്ട്രി, സപര്യ ഡി.എം.സി. എന്നീ പദ്ധതികളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ മറുപടി

ശിപാർശ

റോഡിന്റെ ഇരുവശങ്ങളിലും ജനപങ്കാളിത്തത്തോടെ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്നും വന്യമൃഗങ്ങൾ കൂട്ടത്തോടെ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി ഫലവൃക്ഷത്തൈകൾ കാട്ടിനുള്ളിൽ നട്ടുപിടിപ്പിക്കണമെന്നും വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി തടയണകൾ കെട്ടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

ഖണ്ഡിക 10

ഒരു ജില്ലയിൽ 400 മുതൽ 500 വരെ കാവുകൾ നിലവിലുള്ളതായും എന്നാൽ ഇവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് ജീവനക്കാരുടെ അഭാവംമൂലം ബുദ്ധിമുട്ട് നേരിടുന്നുവെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. കാവുസംരക്ഷണ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിൽനിന്നും അഞ്ച് കാവുകൾ തെരഞ്ഞെടുക്കുന്ന രീതിയാണുള്ളതെന്നും എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കാവുന്ന കാവുകളുടെ എണ്ണം പരമാവധി 70 ആണെന്നും സംരക്ഷണത്തിനായി കാവുകൾ തെരഞ്ഞെടുക്കുന്നത് ഒരു കമ്മിറ്റി ആണെന്നും ഈ കമ്മിറ്റിയിൽ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ബി.ജി.ആർ.ഐ.) ഡയറക്ടർ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ (കെ.എഫ്.ആർ.ഐ.)യിലെ രണ്ട് ശാസ്ത്രജ്ഞർ, തിരുവിതാംകൂർ, മലബാർ ദേവസ്വം ബോർഡുകളുടെ പ്രസിഡന്റുമാർ, അയ്യപ്പസേവാ സംഘം പ്രസിഡന്റ് അല്ലെങ്കിൽ അവരുടെ നോമിനികൾ തുടങ്ങിയവർ അംഗങ്ങളാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

സോഷ്യൽ ഫോറസ്റ്റി വിഭാഗം വഴി ഇംപ്ലിമെന്റേഷൻ നടത്തുന്ന പദ്ധതിക്ക് 500 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാണെന്നും പദ്ധതിയുടെ ഭാഗമായി നാഷണൽ വൈൽഡ്ലൈഫ് സാങ്ച്വറി അവയർനെസ് പ്രോഗ്രാമുണ്ട് എന്നും ഇതോടൊപ്പം സമിതിയിൽ വിശദമാക്കപ്പെട്ടു. മിഷൻ 676-ൽ കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ നാല് പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ച അസിസ്റ്റന്റ് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ബി.ഡി.സി.എസ്.) ഈ കാര്യങ്ങളിൽ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ സഹകരണം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും ഇതോടൊപ്പം ചൂണ്ടിക്കാട്ടി.

കാവ് സംരക്ഷണത്തിന്റെ ഭാഗമായി ബയോഡൈവേഴ്സിറ്റി ബോർഡ് സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവയുൾപ്പെടെ ആകെ 240 ബയോഡൈവേഴ്സിറ്റി ക്ലബ്ബുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും ഈ വർഷം 500 ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ലഭിക്കുന്ന സ്ഥലങ്ങളിൽ മനുഷ്യ നിർമ്മിതമായ കാവുകളുണ്ടാക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു കഴിഞ്ഞതായും കാവ് നിർമ്മാണത്തിന് 10 സെന്റ് സ്ഥലം വിട്ടുനൽകാൻ തയ്യാറാകുന്നവർക്ക് 10,000 രൂപ കൊടുക്കുന്നതിനുള്ള പദ്ധതിയുണ്ടെന്നും, "റെയർ ആന്റ് എൻഡെയിഞ്ചേർഡ് സ്പീഷീസ്"ലുള്ളതും അതുപോലെ "മെഡിസിനൽ പ്ലാന്റ്സ്" എന്ന വിധത്തിലുള്ളതുമായ ചെടികളും വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്നതിനാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നതെന്നും സമിതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു :

സംസ്ഥാനത്ത് കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞു. കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതികൾ 2009-2010 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കി വരുന്നതെന്നും 2009-10-ൽ കേന്ദ്ര സർക്കാരിന്റെ ഇന്റൻസിഫിക്കേഷൻ ഓഫ് ഫോറസ്റ്റ് മാനേജ്മെന്റ് സ്കീമിന്റെ ഭാഗമായി 13.20 ലക്ഷം രൂപ ലഭിക്കുകയും അത് തെരഞ്ഞെടുത്ത 28 കാവുകളുടെ സംരക്ഷണത്തിനായി വിനിയോഗിക്കുകയും എന്നാൽ 2010-11 മുതൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചാണ് ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുന്നതെന്നും ഈ സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബയോഡൈവേഴ്സിറ്റി കൺസർവേഷനുമായി ബന്ധപ്പെട്ട് വകയിരുത്തിയിട്ടുണ്ടെന്നും അതിലൂടെ കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട പദ്ധതി കുറച്ചുകൂടി വിപുലീകരിക്കുന്നതിന് സാധിക്കുമെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കുട്ടനാട് പാക്കേജിന്റെ ഭാഗമായി ആലപ്പുഴ കോട്ടയം ജില്ലകളിലായി 132 കാവുകളുടെ സംരക്ഷണത്തിനും തുക ചെലവഴിച്ചിട്ടുള്ളതായും 2013-14 സാമ്പത്തിക വർഷത്തിൽ 62 പുതിയ കാവുകളുടെയും 68 പഴയ കാവുകളുടെയും സംരക്ഷണത്തിനായി 32 ലക്ഷം രൂപ വിനിയോഗിച്ചിരുന്നതായും അദ്ദേഹം സമിതിയെ അറിയിച്ചു ഇതിനായി വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അപേക്ഷ ക്ഷണിക്കുകയും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫെൻസിംഗ്, പ്ലാന്റേഷൻ എന്നിവയ്ക്കും കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾക്കും സഹായം നൽകുകയും ചെയ്തു വരുന്നുവെന്നും ഇപ്രകാരം 25,000 മുതൽ 40,000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നതായും അദ്ദേഹം അറിയിച്ചു ബയോഡൈവേഴ്സിറ്റി ബോർഡിന് പഞ്ചായത്ത് തലത്തിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുണ്ടെന്നും ഈ കമ്മിറ്റികളുടെ സഹകരണത്തോടെ കാവുകളുടെ സംരക്ഷണവും പരിപാലനവും നിർവ്വഹിച്ചാൽ അത് കൂടുതൽ ഫലപ്രദമായിരിക്കുമെന്നും ഈ കാര്യം കൂടി സമിതി പരിഗണിക്കണമെന്നും വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു

## 21-8-2014-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2014 ആഗസ്റ്റ് 21 വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2-ന് V-D സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായി :

ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.

ശ്രീ. ബി. സത്യൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. കെ. ബൈജു, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്
3. ശ്രീ. എ. പി. ഗോപകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് ഡിപ്പാർട്ട്മെന്റ്
4. ഡോ. ബി. എസ്. കൊറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്)
5. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്)
6. ശ്രീ. ഒ. പി. കലേർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ബി. ഡി. സി. എസ്.
7. ശ്രീ. ഉമ്മൻ വി. ഉമ്മൻ, ചെയർമാൻ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്
8. ഡോ. ലിന്റ ജോൺ, പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ, കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്.

3. ജൈവവൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സംരൃ, ഡി.എം.സി. എന്നിവയെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടിന്മേലുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3527/സബ്.സി.എഫ്1/2012/ലെജി.)

ശിപാർശ ഖണ്ഡിക നമ്പർ 7, 10

മേൽ ശിപാർശകളിന്മേൽ 15 ദിവസത്തിനകം മറുപടി ലഭ്യമാക്കുമെന്ന് വനവും പരിസ്ഥിതിയും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**വിനോദസഞ്ചാര വകുപ്പ്**

1. 23-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3922/സബ്.സി.എഫ്1/2013/ലെജി.)

ശിപാർശ ഖണ്ഡിക നമ്പർ 1, 2, 3, 4

2. 24-9-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3224/സബ്.സി.എഫ്1/2013/ലെജി.)

ശിപാർശ ഖണ്ഡിക നമ്പർ 1

3. ജൈവവൈവിധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സംരൃ, ഡി.എം.സി. എന്നിവയെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ടിന്മേലുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 3527/സബ്.സി.എഫ്1/2012/ലെജി.)

ശിപാർശ ഖണ്ഡിക നമ്പർ 19, 24

മേൽ ശിപാർശകൾ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് 15 ദിവസത്തിനകം ലഭ്യമാക്കാമെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയോഗം വൈകുന്നേരം 6.15-ന് പിരിഞ്ഞു.

മറയൂർ പഞ്ചായത്തിലെ ഇ.എഫ്.എൽ.-പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അവിടെ പന്ത്രണ്ട് കുടുംബങ്ങളാണുള്ളതെന്നും ഏഴുപേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകൾ കൂടി ലഭിച്ചിട്ട് പരിശോധിക്കാമെന്ന നിലപാടാണ് സ്വീകരിച്ചതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിക്കുകയുണ്ടായി. ഈ വിഷയം ഗൗരവമായി പരിശോധിക്കുന്നതാണെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

പ്ലാച്ചിമട കോളനി നിവാസികൾക്ക് ഭൂമി കൊടുക്കുന്നതിന് ട്രൈബൽ ഡിപ്പാർട്ടുമെന്റും വനം വകുപ്പും കണ്ടെത്തിയിട്ടുള്ള സ്ഥലം അവർക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III. സമിതിയുടെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

IV. സമിതിയുടെ 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

V. സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേലും സമിതി യോഗങ്ങളിലെ അധിക ശിപാർശകളിന്മേലും നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്തതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി തെളിവെടുക്കുകയുണ്ടായി.

### വനം-വന്യജീവി വകുപ്പ്

1. 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

   (ഫയൽ നമ്പർ 2475/സബ്.സി.എഫ്1/2013/നി.സെ.)

   ശിപാർശ നമ്പർ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15

2. 16-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

   (ഫയൽ നമ്പർ 3435/സബ്.സി.എഫ്1/2013/ലെജി.)

   ശിപാർശ ഖണ്ഡിക നമ്പർ 4

സംസ്ഥാനത്തെ എല്ലാ ഭാഗത്തുമുള്ള വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനുള്ള സമഗ്രമായ പ്രൊപോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ വന്യജീവി വിഭാഗം മുഖ്യവനപാലകന് 7-1-2014-ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായ വിവരം ചെയർമാൻ സമിതിയെ അറിയിച്ചു.

വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി ഫലവൃക്ഷങ്ങൾ വനത്തിനുള്ളിൽ വച്ചുപിടിപ്പിക്കുന്നതിനുള്ള ശിപാർശ നടപ്പാക്കണമെന്നും അതിനോടൊപ്പം തന്നെ ശ്രീലങ്കയിൽ അനുവർത്തിക്കുന്ന രീതി പിൻതുടർന്ന് കരിമ്പന നട്ടുവളർത്തി വനത്തിനുചുറ്റും ജൈവവേലി നിർമ്മിച്ചാൽ ആനകൾ നാട്ടിലിറങ്ങുന്നത് തടയാൻ കഴിയുമെന്നും എന്നാൽ ഇലക്ട്രിക് ഫെൻസിംഗിനേക്കാൾ കിടങ്ങുകൾ കുഴിക്കുന്നതാണ് കുറച്ചുകൂടി ഫലപ്രദമെന്നും സമിതി അഭിപ്രായപ്പെട്ടു.

ശ്രീലങ്കയിലെ ജൈവവേലി സന്ദർശിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ബഹു. സ്പീക്കറുടെ അനുമതി ലഭിക്കുകയാണെങ്കിൽ പ്രസ്തുത സ്ഥലം സന്ദർശിക്കാമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ഗവി സന്ദർശിക്കുന്നതിനായി ആങ്ങമുഴിയിൽനിന്ന് ആദ്യം വരുന്ന 20 വണ്ടികൾക്ക് മാത്രമാണ് നിലവിൽ പെർമിറ്റ് കൊടുക്കുന്നതെന്നും ഇതുമൂലം ദൂരെനിന്നും വരുന്ന സന്ദർശകർ ബുദ്ധിമുട്ട് നേരിടുകയാണെന്നും ഗവി സന്ദർശനത്തിന് കമ്പ്യൂട്ടറൈസ്ഡ് റിസർവേഷൻ സംവിധാനം ഏർപ്പെടുത്തുകയാണെങ്കിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ആനകളുടെ ഉപദ്രവം നേരിടുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീം അനുവദിക്കണമെന്നതു സംബന്ധിച്ചു സമിതിയുടെ പരാമർശങ്ങൾക്ക് കണ്ണൂരും കാസർഗോഡും ഇടുക്കിയിലെ ചിന്നക്കനാലിലും ചാലക്കുടിയിലെ വാഴച്ചാലിലും കോതമംഗലത്തെ കുട്ടമ്പുഴയിലും റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുന്നതാണെന്ന് ചെയർമാൻ സമിതിയെ അറിയിച്ചു.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ നിലവിലുള്ള ഫോറസ്റ്റ് വക ഷെഡ്ഡിന്റെ പുനർനിർമ്മാണം സംബന്ധിച്ച ഒരു പ്രോജക്ട് സമർപ്പിച്ച് ഒരു വർഷമായെങ്കിലും വനം വകുപ്പിൽനിന്നും നാളിതുവരെ അത് ഗവൺമെന്റിലേക്കയച്ചില്ലായെന്ന കാര്യം സമിതി ചൂണ്ടിക്കാട്ടി. ഇക്കാര്യത്തിൽ കെട്ടിടത്തിന്റെ രൂപകൽപ്പന ആയിട്ടുണ്ടെന്നും എന്നാൽ അവിടെ മാസ്റ്റർ പ്ലാൻ വ്യത്യസ്തമായി നടപ്പിലാക്കിയതിനെ തുടർന്നുവന്ന ആശയകുഴപ്പം കാലതാമസത്തിന് കാരണമായിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഉദ്യോഗസ്ഥ തലത്തിൽ ഒരു മീറ്റിംഗ് വിളിച്ചു കൂട്ടി ഇത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

II. സമിതി യോഗങ്ങളിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങളിന്മേലുള്ള തുടർ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 24-1-2012-ലെ സമിതി യോഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 1325/സബ്സി എഫ്1/2012/നി.സെ.)

ശബരിമല തീർത്ഥാടകർക്കുള്ള വിശ്രമ കേന്ദ്ര നിർമ്മാണത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സ്ഥലം ലഭിക്കാത്ത പ്രശ്നമാണ് നിലവിലുള്ളതെന്നും ഒരാഴ്ചയ്ക്കകം ഇത് സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതാണെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിൽ നിയമവ്യവസ്ഥ ഉള്ളതുപോലെ കേരളത്തിലും ഇത്തരം നിയമം നടപ്പാക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ ഫോറസ്റ്റ് വകുപ്പിന് ഫലപ്രദമായി ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. സ്പെസിഫൈഡ് ട്രീയുടെ ഗണത്തിൽ കണ്ടൽക്കാടുകളെ കൂടി ഉൾപ്പെടുത്താൻ ശിപാർശ കൊടുത്തിട്ടുള്ളതായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ സമിതിയെ അറിയിച്ചു. നിലവിലുള്ള നിയമം അനുസരിച്ച് അനുമതി കൂടാതെ കണ്ടൽക്കാടുകൾ മുറിക്കാൻ സാധിക്കുമെന്നതിനാൽ കണ്ടൽക്കാടുകളെ സ്പെസിഫൈഡ് ട്രീയുടെ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

(ഇതിനോടനുബന്ധമായി സമർപ്പിച്ച കുറിപ്പ് സമിതി അംഗീകരിക്കുകയുണ്ടായി)

2. സമിതിയുടെ 16-4-2013-ലെ യോഗനിർദ്ദേശങ്ങൾ/ശിപാർശകൾ എന്നിവയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 3445/സബ്സി എഫ്1/2013/നി.സെ.)

ഖണ്ഡിക നമ്പർ 1, 2, 5, 6, 7, 8 എന്നിവയിൻമേൽ ലഭിച്ച മറുപടികൾ സമിതി അംഗീകരിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിനാശം സംഭവിക്കുന്നവർക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ചും സമിതി ആരാഞ്ഞു. വനാതിർത്തിയുള്ള സ്ഥലങ്ങളിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽത്തന്നെ മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും കിട്ടുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. മനുഷ്യമൃഗസംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വനത്തിനുള്ളിൽ ഫലവൃക്ഷത്തൈകൾ വച്ചുപിടിക്കുമെന്ന് മുമ്പ് പല യോഗങ്ങളിലും പറഞ്ഞിട്ടുണ്ടെങ്കിലും ആയതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചതായി മറുപടിയൊന്നും ലഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

5. ഡോ. ബി. എസ്. കൊറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി)

6. ശ്രീ. എസ്. സി. ജോഷി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് പി. എഫ്. എം.)

7. ശ്രീമതി എൽ. കെ. വർഷിനി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡെവലപ്മെന്റ്)

8. ശ്രീ. പി. കെ. ഷാജു, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

9. ശ്രീ. വി. ഭൂഷൺ, ജോയിന്റ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

10. ശ്രീ. കൃഷ്ണകുമാർ, ടി. പി., അണ്ടർ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്

11. ശ്രീ. രഘുദാസൻ, അഡീഷണൽ ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

12. ശ്രീ. പി. ശ്രീകണ്ഠൻ നായർ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൺവയോൺമെന്റ് ആന്റ് ക്ലൈമേറ്റ് ചെയിഞ്ച്

13. ശ്രീ. കെ. സജീവൻ, ചെയർമാൻ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

14. ശ്രീ. സുധീർ ബാബു, എസ്., ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

15. ശ്രീമതി ലൗലി, വി. റ്റി., സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ്

16. ശ്രീ. ഉദയകുമാർ, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയുമുണ്ടായി:

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശയിന്മേൽ ഗവൺമെന്റിൽ നിന്നും ലഭിച്ച അനന്തരനടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3051/സബ്സി എഫ്1/2012/നി.സെ.)

ഖണ്ഡിക 6

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭിച്ച മറുപടി പരിഗണിക്കവെ തേക്കിന്റെ വില്പന കുറഞ്ഞുവരുന്നതിന് പരിഹാരമായി റീട്ടെയിൽ വില്പന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മതിയാകും എന്ന് സമിതി നിർദ്ദേശിച്ചു.

## 18-6-2014-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയ നിർണ്ണയ സമിതി 2014 ജൂൺ 18, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 5.40-ന് (സഭ സമ്മേളനത്തിനുശേഷം) IV A സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫീഷ്യോ അംഗവും പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ സന്നിഹിതനായിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. കെ. അജിത്, എം.എൽ.എ.
2. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
3. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
4. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
5. ശ്രീ. ബി. സത്യൻ, എം.എൽ.എ.
6. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
7. ശ്രീ. കെ. എം. ഷാജി, എം.എൽ.എ.
8. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, ഫോറസ്റ്റ് ആന്റ് എൺവയോൺമെന്റ്
2. ശ്രീ. സുമൻ ബില്ല, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്
3. ശ്രീ. വി. ഗോപിനാഥൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്
4. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ

(3) കാട്ടുപന്നിയെ വെടിവെച്ച് കൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസർ തയ്യാറാക്കേണ്ടതാണ്.

(4) വെടിവെച്ച് കൊല്ലുന്ന പന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

(5) കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ കത്തിച്ച് കളയേണ്ടതോ ആണ്.

(6) ഇത്തരം കേസുകൾ ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

(7) എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും സ്ഥലം എം.എൽ.എ.-യും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനേയും കർഷക സംഘടനാ പ്രതിനിധികളേയും തദ്ദേശീയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി പന്നികളെ വെടിവെച്ച് കൊല്ലാനുള്ള ഉത്തരവ് നടപ്പാക്കിക്കഴിഞ്ഞാൽ, ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും :

(1) റഷലൈസ് ചെയ്യപ്പെടാത്ത കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ച് കൊല്ലുവാൻ അനുവാദം നൽകുന്നതല്ല.

(2) മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ച് കൊല്ലാൻ പാടുള്ളതല്ല.

(3) ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാനൊരുങ്ങുമ്പോൾ അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്ത് കയറി വെടിവയ്ക്കാൻ പാടില്ലാത്തതാണ്.

(4) വെടിവെച്ച് കൊല്ലപ്പെടുന്ന പന്നിയെ വനം വകുപ്പ് തന്നെ സംസ്കരിക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**പ്രദീപ് കുമാർ,**

*പ്രിൻസിപ്പൽ സെക്രട്ടറി.*

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം),

തിരുവനന്തപുരം.

446/2015.

3. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (3)-ലെ സർക്കാർ ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ വന്യജീവി വിഭാഗം മുഖ്യ വനപാലകൻ ഉന്നയിച്ച വിഷയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തി പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

4. മേൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നൽകിയിരുന്നത്. ഇതിന്റെ കാലാവധി 22-6-2012-ന് അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ ശിപാർശ പ്രകാരം ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ ക്രോഡീകരിച്ച് കാലാവധി 22-6-2012 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് മേൽ പരാമർശം അഞ്ച് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5. 4-8-2012-ലെ സ.ഉ.(സാധാ.) നമ്പർ 399/2012/വനം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെ സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത്, പ്രസ്തുത ഉത്തരവിൽ ചില ഭേദഗതികൾ വരുത്തി ടി ഉത്തരവിന് മൂന്നു വർഷത്തേക്കുകൂടി പ്രാബല്യം നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ മേൽ പരാമർശം ആറിലെ കത്ത് പ്രകാരം വന്യജീവി വിഭാഗം മുഖ്യവനപാലകൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പരാമർശം അഞ്ചിലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഉത്തരവിന്റെ തീയതി മുതൽ മൂന്ന് വർഷത്തേക്ക് പ്രാബല്യം നൽകി സർക്കാർ താഴെപ്പറയുന്ന വിധം ഉത്തരവ് പുറപ്പെടുവിക്കുന്നു :

6. കൃഷിനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്:

(1) നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ/ അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവെച്ച് കൊല്ലണമെന്ന് ആവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിന്റെ സ്ഥാനം, വിളകൾക്കുണ്ടായ നാശനഷ്ടം, അക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.

(2) ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ/അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ/വനസംരക്ഷണ സമിതി പ്രസിഡന്റ്/എക്കോ ഡെവലപ്മെന്റ് കമ്മിറ്റി പ്രസിഡന്റ്/ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ച് കൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ കാരണസഹിതം അപേക്ഷകന് മൂന്ന് ദിവസത്തിനകം മറുപടി നൽകേണ്ടതാണ്.

അനുബന്ധം 2

# കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ്—കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുവാൻ നൽകിയ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

## വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(എംഎസ്.) നമ്പർ 31/2013/വനം. *തിരുവനന്തപുരം, 2013 മാർച്ച് 19.*

പരാമർശം:—(1) 1-2-2011-ലെ സ.ഉ. (സാധാ.) നമ്പർ 04/2011/വനം.

(2) 17-6-2011-ലെ സ.ഉ. (സാധാ.) നമ്പർ 265/2011/വനം.

(3) 23-3-2011-ലെ സ.ഉ. (സാധാ.) നമ്പർ 281/2011/വനം.

(4) 31-8-2011-ലെ സ.ഉ. (സാധാ.) നമ്പർ 392/2011/വനം.

(5) 4-8-2012-ലെ സ.ഉ. (സാധാ.) നമ്പർ 399/2012/വനം.

(6) വന്യജീവി വിഭാഗം മുഖ്യവനപാലകന്റെ 12-12-2012-ലെ ഡബ്ല്യൂ.എൽ.466/2011 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് വന്യജീവികൾ കൃഷിസ്ഥലമുൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിൽ ആക്രമണം നടത്തി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവന്നതിന്റെ അടിസ്ഥാനത്തിൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും ആയതിന്റെ കാരണങ്ങളും പഠിക്കുവാൻ മേൽ പരാമർശം സർക്കാർ ഉത്തരവ് പ്രകാരം വനം വന്യജീവി വിഭാഗം മുഖ്യവനപാലകൻ കൺവീനറായും ഒരു പത്തംഗ സമിതിയെ നിയോഗിച്ചിരുന്നു.

2. ഈ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്കുവഹിക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്കു വിധേയമായി, നിർദ്ദിഷ്ട ഫോറസ്റ്റ് അധികൃതരുടെ മുൻകൂട്ടിയുള്ള അനുവാദം നേടിയിട്ടുള്ള കൃഷിക്കാർക്ക്, വെടിവെച്ചു കൊല്ലുന്നതിനുള്ള അനുമതി നൽകുന്നതിലേക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി മേൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| 1 | 2 |
| --- | --- |
| | Five thousand only). In case of Tribals full the expenses incurred for treatment shall be reimbursed in all cases. The expenses incurred by the applicant shall be duly certified by a Medical Officer in Kerala Government Service, designated for the specified purpose. |
| Rule 4(g)<br>The payment of compensation under Rule 3 shall be made only once in a year to a particular individual. | The payment of compensation under Rule 3 shall be restricted to four times in a year to a particular individual. |

3. Formal notification regarding these amendments will be issued separately.

4. The amendments to the aforesaid rules in the Rules 3(a) (2), 3(a) (3), 3(a) (4) and 4 (g) of the "Kerala Rules for compensation to victims of attack by Wild Animals, 1980" shall come into force from the date of this order.

5. Separate orders will be issued designating competent Medical Offices to issue the certificate specified under Rules 3(a) (2), 3(a) (3), 3(a) (4) and 4(g) of the "Kerala Rules for compensation to victims of Attack by Wild Animals, 1980".

By order of the Governor,
PRADEEP KUMAR
*Principal Secretary.*

To

The Principal Chief Conservator of Forests and Head of Forests Force
The Principal Chief Conservator of Forests (Wildlife) and
Chief Wildlife Warden
The Accountant General (Audit/A&E), Kerala, Thiruvananthapuram.
The Director, Information and Public Relations Department
The General Administration (SC) Department (vide Item No. 3193)
The Finance Department (vide 88415/AW/B1/12/Fin. dated 1-1-2013)
The Stock File/Office copy.

2. Government have examined the proposal in detail, are pleased to the following amendments to the " Kerala Rules for compensation to victims of Attack by Wild Animals, 1980" .

| Existing Rule | Amendment proposed |
|---|---|
| 1 | 2 |
| Rule 3(a) (2)<br>**Incapacitated permanently**<br>An amount up to Rs. 25,000 (Rupees Twenty Five thousand only) shall be paid to persons who become permanently incapacitated on account of attack by wild animals | Rule 3(a) (2)<br>**Incapacitated permanently**<br>An amount up to Rs. 75,000 (Rupees Seventy Five thousand only) shall be paid to persons who become permanently incapacitated on account of attack by wild animals |
| Rule 3(a) (3)<br>**Loss of cattle, crops, damage to houses, huts etc.**<br>The compensation for loss or damages to property such as houses/huts, crops, cattle etc. shall be 100% of the loss assessed subject to a maximum of Rs. 50,000 in each case | Rule 3(a) (3)<br>**Loss of cattle, crops, damage to houses, huts etc.**<br>The compensation for loss or damages to property such as houses/huts, crops, cattle etc. shall be 100% of the loss assessed subject to a maximum of Rs.75,000 (Rupees Seventy Five thousand only) in each case |
| Rule 3(a) (4)<br>**Injuries caused to persons**<br>When an injury is caused to a person by the attack of wild animals, compensation payable shall be up to Rs 5,000 (Rupees five thousand only) on the basis of seriousness of injury | Rule 3(a) (4)<br>**Injuries caused to persons**<br>When an injury is caused to a person by the attack of wild animals, the expenses incurred for the treatment shall be reimbursed subject to a maximum of Rs. 75,000 (Rupees Seventy |

അനുബന്ധം 1

GOVERNMENT OF KERALA

**Abstract**

FOREST & WILDLIFE DEPARTMENT—AMENDMENT TO RULES 3(A) (2), 3(A) (3), 3(A) (4) AND 4 (G) OF THE "KERALA RULES FOR COMPENSATION TO VICTIMS OF ATTACK BY WILD ANIMALS, 1980"—ORDERS ISSUED

FOREST & WILDLIFE (D) DEPARTMENT

G.O.(MS.) No.32/2013/F&WLD. *Dated, Thiruvananthapuram 22nd February, 2013.*

*Read*:—1. Notification No. G.O.(Rt.) No. 1062/81/Forest dated 10-4-1981, published on Kerala Gazette No. 19 dated 12-5-1981.

2. G.O.(Rt.) No.542/88/F&WLD dated 15-12-1988

3. G.O.(Rt.) No.430/99/F&WLD dated 30-10-1999

4. G.O.(Rt.) No.41/05/F&WLD dated 20-1-2005

5. G.O.(Rt.) No.283/09/F&WLD dated 16-6-2009

6. G.O.(Rt.) No.297/10/F&WLD dated 7-7-2010

7. Lr. No. WL-1/2081/2011 dated 16-7-2012 from the Principal Chief Conservator of Forests (Wildlife) & Chief Wildlife Warden.

ORDER

In the wake of spurt in man animal conflicts leading to increasing incidences of loss of human life, injury to human being, permanent incapacitation, loss of crops, cattle etc. there is fact need to resist and scrutinize the existing rates of compensation being given to victims of attack by wild animals, for upward revision. An assurance in this regard has also been given by Hon'ble Minister (Forests, Sports and Cinema) in the Legislative Assembly. Accordingly, the Principal Chief Conservator of Forests (Wildlife) and Chief Wildlife Warden vide his letter read as 7th paper above has proposed for read amendments to the Rules 3(a) (2), 3(a) (3), 3(a) (4) and 4(g) of the " Kerala Rules for compensation to victims of Attack by Wild Animals, 1980" . in order to effect enhancement of the existing rate of compensation.

സ്വീകരിച്ച നടപടി

സാമൂഹ്യവനവൽക്കരണ വിഭാഗം, റോഡുകളുടെ പാർശ്വഭാഗങ്ങളിൽ മരങ്ങൾ നടുന്നതിനായി തൈകൾ ഉൽപ്പാദിപ്പിച്ച് നൽകുകയും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നട്ടുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാട്ടുൽ വന്യമൃഗങ്ങൾക്ക് തീറ്റ ലഭ്യമാകുന്നതരത്തിലുള്ള സസ്യങ്ങൾ നടുന്നതിനുള്ള നടപടികൾ കൈകൊണ്ടുവരുന്നുണ്ട്. ജലസ്രോതസ്സുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് വ്യാപകമായി തടയണകളും കുളങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2011-2012 വർഷത്തിൽ 26 തടയണകൾ നിർമ്മിച്ചിട്ടുണ്ട്. 2012-2013-ൽ ലക്ഷ്യമിട്ടിരിക്കുന്ന 50 തടയണകളിൽ ഇതിനകം 22 എണ്ണം പൂർത്തീകരിച്ചു. 2013-2014 സാമ്പത്തിക വർഷം 100 തടയണകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ വന്യമൃഗസങ്കേതങ്ങളിലെ കുളങ്ങളിലെ ചെളിയും മണ്ണും നീക്കി ജലലഭ്യത കൂട്ടുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഭാഗം IV

## ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളെ സംബന്ധിച്ച വിശദാംശം

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം താഴെപ്പറയുന്ന തീയതികളിൽ യോഗം ചേർന്ന് വിവിധ വിഷയങ്ങളെ സംബന്ധിച്ച് സമിതി വിശദമായി ചർച്ച ചെയ്തു :**

| യോഗ തീയതി | വിഷയം |
|---|---|
| 21-8-2014 | കാവുകളുടെ സംരക്ഷണം |
| 23-9-2014 | വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ |
| 31-10-2014 | വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കാൻ നടപടി |
| 21-1-2015 | വനങ്ങളുടെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ |
| 24-2-2015 | കായൽ ടൂറിസം വികസനം, ബേക്കൽ ടൂറിസം പദ്ധതി |

തിരുവഞ്ചൂർ രാധാകൃഷ്ണൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി-പത്ത്.*

തിരുവനന്തപുരം,
2015 മേയ് 20.

കഴിഞ്ഞവർഷം ഇപ്രകാരം 20 ഏക്കറോളം സ്ഥലത്ത് ചെടികൾ നട്ടുപിടിപ്പിച്ചതായും ചെടികൾ നട്ടുപിടിപ്പിക്കുന്ന സ്ഥലത്തിന് 'ശക്തിസ്ഥൽ' എന്നാണ് പേരിട്ടിരിക്കുന്നതെന്നും ഇതിലൂടെ ഭാവിയിൽ കൂടുതൽ കുട്ടി വനങ്ങളും കാവുകളും ഉണ്ടാക്കുകയാണ് ലക്ഷ്യമെന്നും ബയോഡൈവേഴ്സിറ്റി ബോർഡും വനം വകുപ്പും യോജിച്ച് പ്രവർത്തിച്ചുകൊണ്ട് കാവുകളുടെ സംരക്ഷണം നടത്താൻ സാധിക്കുമെന്നും ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. അതേസമയം നിലവിലുള്ള കാവുകൾ സംരക്ഷിക്കുന്നതിന് സ്വീകരിക്കുന്ന നടപടി പൂർണ്ണമായി ഫലപ്രാപ്തിയിലെത്തുന്നില്ലെന്നും ഇനിയും ധാരാളം കാവുകൾക്ക് സംരക്ഷണം ലഭിക്കേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

ധാരാളം കാവുകൾ സംരക്ഷിക്കപ്പെടാതെ കിടക്കുന്നുണ്ടെന്നും ഗ്രാമപ്രദേശങ്ങളിൽ കുട്ടിവനങ്ങൾ പോലെ നെല്ലി, മാവ്, പ്ലാവ്, ഇലഞ്ഞി തുടങ്ങിയ മരങ്ങൾ കൂടി നട്ടുപിടിപ്പിച്ച് കാവാക്കി മാറ്റി അവയ്ക്ക് സംരക്ഷണം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. കാവുകൾ കയ്യേറ്റത്തിന് വിധേയമാകുന്നതായും കാവുസംരക്ഷണത്തിന് വേലികൾ നിർമ്മിച്ച് എൻ.ജി.ഒ.കളെയോ മറ്റ് ജനകീയ സമിതികളെയോ ചുമതലപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി. ഗ്രീൻറോഡ് എന്ന സങ്കൽപ്പത്തിന്റെ ഭാഗമായി ഔഷധസസ്യങ്ങൾ പോലുള്ളവ റോഡരികിൽ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ചും ഇതിനായി സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ സേവനവും ഉപയോഗപ്പെടുത്തണമെന്നും അതിലൂടെ കാവുകളുടെ സംരക്ഷണം ഫലപ്രദമായി നടപ്പാക്കുന്നതിനൊപ്പം കാവിനു പുറത്തുള്ള പച്ചപ്പ് കൂടി സംരക്ഷിക്കാൻ സാധിക്കണമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

സംരക്ഷണപ്രവർത്തനങ്ങൾക്കായി ആകെ 576 കാവുകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്നും ഒരു വർഷം 25,000 രൂപ വരെയാണ് ഒരു കാവിന് നൽകുന്നതെന്നും അനുവദിക്കുന്ന തുക ചെലവാക്കി അതിന്റെ യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പരമാവധി രണ്ടര ലക്ഷം രൂപ വരെ നൽകുന്നതാണെന്നും ഇതുവരെ 1.32 ലക്ഷം രൂപ കാവുകൾക്കുവേണ്ടി ചെലവാക്കിയിട്ടുണ്ടെന്നും കൂടാതെ കാവുകളുടെ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ ആവശ്യമാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

കേരളത്തിൽ ഏകദേശം 1200 കാവുകളുണ്ടെന്നും അതിൽ എഴുപതു ശതമാനത്തോളം കാവുകൾ സാധാരണ ജനങ്ങളുടെ കൈവശമാണെന്നും ഇരുപതു ശതമാനത്തോളം ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലും കുറച്ച് റവന്യൂ വകുപ്പിന്റെ കൈവശവും ആണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. പെരുമ്പാവൂരിനടുത്ത് നൂറ് ഏക്കറിൽ സ്ഥിതിചെയ്യുന്ന ഇരിങ്ങോൾകാവാണ് കേരളത്തിലെ ഏറ്റവും വലിയ കാവെന്നും അത് ഒരു ഇല്ലത്തിന്റെ വകയായ കുടുംബക്ഷേത്രത്തിന്റെതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

കാവുസംരക്ഷണം നല്ല രീതിയിൽ നടത്തുന്നതിന് ബയോഡൈവേഴ്സിറ്റി ബോർഡിന്റേയും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റേയും സംയുക്തമായ പ്രവർത്തനം ഉണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ദേശീയപാതയുടെ വശങ്ങളിൽ പോക്കറ്റ്പോലെ കാണപ്പെടുന്ന സ്ഥലങ്ങളിൽ ചെടികളും മരങ്ങളും വച്ച് പിടിപ്പിക്കണമെന്നും കയ്യേറ്റങ്ങൾ തടയുന്നതിനും സഹായമാകുമെന്നതിനാൽ അതു സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി., തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കാവുസംരക്ഷണത്തിന് പ്രധാനമായും ആവശ്യമായത് ഫെൻസിംഗാണെന്നും ഫണ്ട് കുറവായതുകൊണ്ട് ഇതിനു സാധിക്കുന്നില്ലെന്നും ഫോറസ്റ്റ് ആന്റ് വൈൽഡ്ലൈഫ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഫെൻസിംഗ് ഏർപ്പെടുത്തുമ്പോൾ ജൈവവേലി ആയിത്തന്നെ നിർമ്മിക്കണമെന്നും ചെയർമാൻ നിർദ്ദേശിക്കുകയുണ്ടായി.

കാവുകളുടെ സംരക്ഷണത്തിന് വനം വകുപ്പിന്റെ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്ന ശീർഷകത്തിലാണ് തുക വകകൊള്ളിച്ചിട്ടുള്ളതെന്നും ആ ഹെഡ്ഡിൽ നിന്നാണ് ബന്ധപ്പെട്ട എല്ലാ പ്രവൃത്തികൾക്കും തുക ചെലവഴിക്കുന്നതെന്നും ഒരു വർഷം 30 ലക്ഷം രൂപ മാത്രമാണ് വകകൊള്ളിച്ചിട്ടുള്ളതെന്നും ഈ തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ആവശ്യമാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു. ഇക്കാര്യം പരിഗണിച്ച സമിതി ഇതിനായുള്ള വിഹിതം തുക 1 കോടി രൂപയാക്കി ഉയർത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

അതുപോലെ സ്കൂൾ/കോളേജ് കാമ്പസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള 'ശക്തിസ്ഥൽ' എന്ന പദ്ധതിക്കായി കൂടുതൽ തുക ആവശ്യമുണ്ടെന്നും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാൻ സമിതിയെ അറിയിച്ചു. ഈ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ ബയോഡൈവേഴ്സിറ്റി ബോർഡിന് അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു

കാവുകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും ഓരോ ജില്ലയിലും കാവുകൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം രീതി നിലവിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന് അസിസ്റ്റന്റ് കൺസർവേറ്റർ ഉൾപ്പെടുന്ന ജില്ലാതല കമ്മിറ്റിയാണ് അത് നോക്കുന്നതെന്നും കാവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് അദ്ദേഹത്തെയാണ് ബന്ധപ്പെടേണ്ടതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു.

കൂടാതെ, വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുൾപ്പെടെ ആവശ്യമായ രേഖകളുമായി അസിസ്റ്റന്റ് കൺസർവേറ്ററെ സമീപിക്കുകയാണെങ്കിൽ പുതിയതായി കാവുകളുടെ സംരക്ഷണത്തിനായി ഇനിയും അപേക്ഷ നൽകാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയെ അറിയിച്ചു

ഒരുകാലത്ത് തിരുവിതാംകൂറിന്റെ ഭരണസിരാകേന്ദ്രങ്ങളിൽ ഒന്നായിരുന്ന ആറ്റിങ്ങൽ കൊട്ടാരവളപ്പിനുള്ളിൽ കാവും വിശാലമായ പറമ്പും ശരിയായ സംരക്ഷണമില്ലാതെ കാട്പിടിച്ച് നശിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് സമിതി ആരാഞ്ഞതിന് സാമൂഹ്യവനവൽക്കരണവിഭാഗവുമായി ബന്ധപ്പെട്ടാൽ അതിനുള്ള പ്ലാൻ ഉണ്ടാക്കുന്നതിന് സഹായം ലഭ്യമാകുവാൻ സാധിക്കുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ്ലൈഫ്) സമിതിയെ അറിയിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.

## 23-9-2014-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയ നിർണ്ണയ സമിതി 2014 സെപ്റ്റംബർ 23 ചൊവ്വാഴ്ച രാവിലെ 11-ന് V D സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി :

1. ശ്രീ. റ്റി. യു. കുരുവിള, എം. എൽ. എ.
2. ശ്രീ. സണ്ണി ജോസഫ്, എം. എൽ. എ.
3. ശ്രീ. ബി. സത്യൻ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
2. ശ്രീ. പി. ഗോപിനാഥൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ
3. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് എഫ്.)
4. ശ്രീ. ജി. ഹരികുമാർ, അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ)
5. ശ്രീ. ഓംപ്രകാശ് കലേർ, അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബി.ഡി.സി.)
6. ശ്രീമതി സുഷമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235A പ്രകാരം ചേർന്നതായ യോഗത്തിൽ 'വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും' എന്ന വിഷയം സമിതി ചർച്ചചെയ്തു. വനത്തിനുള്ളിലും വനപ്രദേശങ്ങളുടെ സമീപത്തും താമസിക്കുന്ന ജനങ്ങൾക്കും അവരുടെ കൃഷിക്കും ഉപദ്രവവും നാശനഷ്ടവും ഉണ്ടാക്കുന്ന ഉപദ്രവകാരികളായ മൃഗങ്ങളെപ്പറ്റി പരാമർശിക്കുമ്പോൾ കാട്ടാന, മറ്റ് വന്യമൃഗങ്ങൾ എന്നിവയോടൊപ്പം കാട്ടുപന്നി, കരടി, കുരങ്ങ്, മ്ലാവ് എന്നിവയിൽ നിന്നുള്ള ഉപദ്രവവും വരുന്നതിനാൽ അവയെ കൂടി ഇത്തരത്തിലുള്ള മൃഗങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

2010-11-ൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ഇരുപത്തിനാലും 2012-2013-ൽ പതിനാലും നടപ്പുവർഷം ഇരുപതു ആളുകളും മരണപ്പെടുകയുണ്ടായിട്ടുണ്ടെന്നും ആയതിനാൽ ഇതിനെതിരെ പ്രതിരോധനടപടികൾ ശക്തിപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നിലവിൽ എന്തൊക്കെ പ്രതിരോധപ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് സമിതി ആരാഞ്ഞതിന് അങ്ങനെയുള്ള സ്ഥലങ്ങളിൽ കിടങ്ങുകൾ കുഴിക്കുകയും സംരക്ഷണഭിത്തി കെട്ടുകയും വൈദ്യുതി കമ്പിവേലി കയ്യാല, ജൈവവേലി എന്നിവ നിർമ്മിക്കുകയും ചെയ്യുന്നുണ്ടെന്ന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ സമിതിയെ അറിയിച്ചു. ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതെ തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള ടാസ്ക് ഫോഴ്സിനായി നടപ്പുസാമ്പത്തിക വർഷം 259 കോടി രൂപയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും അതിൽ 14 കോടി രൂപ നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെടുകയുണ്ടായി. പ്രതിരോധകിടങ്ങുകൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനായും വന്യജീവി ആക്രമണം തടയുന്നതു സംബന്ധിച്ച മറ്റു പ്രവർത്തനങ്ങൾക്കായും അനുവദിച്ചതിൽ ലഭിക്കേണ്ട ബാക്കി തുകയും അടിയന്തരമായി നൽകണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ജനപങ്കാളിത്തത്തോടെയും വനസംരക്ഷണ സമിതികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്വാശ്രയ ഗ്രൂപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി ചെലവുകുറഞ്ഞ രീതിയിൽ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തുന്നതിന് സാധിക്കുമെന്നും ഇത്തരത്തിൽ ഒരു ജനറൽ ഗൈഡ്‌ലൈൻ ഉണ്ടാക്കി പ്രവർത്തിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

എറണാകുളം ജില്ലയിലെ വടാട്ടുപാറ, കുട്ടമ്പുഴ, കോട്ടപ്പടി എന്നീ പ്രദേശങ്ങളിൽ ആനയുടെ

ഉപദ്രവം കൂടുതലാണെന്നും ജനവാസകേന്ദ്രങ്ങളിൽ ആനശല്യം ഒഴിവാക്കുന്നതിന് വേലി ഫലപ്രദമാകുമെന്ന് കരുതാനാകാത്തതിനാൽ മതിൽതന്നെ വേണമെന്ന് സമിതി അഭിപ്രായപ്പെട്ടു. വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലും എറണാകുളം ജില്ലയിലെ കിഴക്കൻ മേഖലകളിലും ആനശല്യമുള്ള പ്രദേശങ്ങളിൽ മതിൽ കെട്ടുന്നതിനും വന്യമൃഗങ്ങൾ വരുന്ന പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും മുൻഗണന നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതിന് ഇനി എത്ര തുകയാണ് ബാക്കിയുള്ളതെന്ന് സമിതി ആരാഞ്ഞതിന് നഷ്ടപരിഹാര തുകയിൽ രണ്ടുകോടി രൂപയോളം നൽകാനുണ്ടെന്നും മാസാവസാനത്തിനുമുമ്പ് മുഴുവൻ തുകയും കൊടുത്തുതീർക്കുന്നതാണെന്നും എൽ. സി. കിട്ടാതെ പെൻഡിംഗിൽ ആകുന്നത് തടസ്സമാണെന്നും വ്യക്തമാക്കിയ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ ഈ വർഷം 2.8 കോടി രൂപ കൊടുത്തിട്ടുണ്ടെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഷ്ടപരിഹാരതുക കൂട്ടിയിട്ടുണ്ടെന്നും 2011 മുതൽ നാളിതുവരെ 18 കോടി രൂപ നൽകിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടി.

വന്യജീവികളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവർക്ക് നൽകുന്ന തുകയുടെ പരിധി ഉയർത്തേണ്ടതായ ആവശ്യത്തിലേക്ക് സമിതി ശ്രദ്ധ ക്ഷണിച്ചപ്പോൾ വന്യജീവികളുടെ ആക്രമണംമൂലം പരിക്കേൽക്കുന്നവർക്ക് ചികിത്സാ ചെലവിനായി 75,000 രൂപയും മരണം സംഭവിക്കുന്നവരുടെ കാര്യത്തിൽ മൂന്നുലക്ഷം രൂപയും വനത്തിന് പുറത്ത് പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ കാര്യത്തിൽ ഒരു ലക്ഷം രൂപയും ആണ് നൽകുന്നതെന്നും ഇത്തരത്തിൽ 150-ൽപരം കേസുകൾ കഴിഞ്ഞവർഷം ഉണ്ടായിരുന്നതായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു. വന്യജീവികളുടെ ആക്രമണംമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക 5,00,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി കിടങ്ങുകൾ, മതിലുകൾ, സൗരോർജ്ജ കമ്പിവേലികൾ എന്നിവയുടെ നിർമ്മാണത്തിന് 259 കോടി രൂപ ചെലവാക്കി ബൃഹത്തായ ഒരു പദ്ധതിയായി സമർപ്പിച്ച് ലഭ്യമായ തുക ഉപയോഗിച്ച് പദ്ധതി പ്രവൃത്തി ഏറ്റെടുത്ത് നടത്തിവരുന്നതായും ഇതിനായി 14 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമായ വിവരവും സമിതിയിൽ ചർച്ചാവിഷയമായി. ഇവയിൽ ശേഷിക്കുന്ന തുക കൂടി കിട്ടുന്നതിനായി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വനത്തിനുള്ളിൽനിന്ന് ആളുകളെ മാറ്റിപാർപ്പിക്കുന്നതു സംബന്ധിച്ചും ഇതിനായി കേന്ദ്രത്തിൽനിന്ന് ലഭിച്ച തുകയെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന് വയനാട് ജില്ലയിൽനിന്ന് 110 കുടുംബങ്ങളെ മാറ്റിപാർപ്പിച്ചിട്ടുണ്ടെന്നും 17.8 കോടി രൂപയാണ് ഈ ഇനത്തിൽ ലഭിച്ചിട്ടുള്ളതെന്നും മാറ്റിപാർപ്പിക്കുന്നതിനുള്ള കുടുംബങ്ങൾ ഇനിയും ഉണ്ടെന്നും കേന്ദ്രഗവൺമെന്റിൽ നിന്നും അനുവദിച്ച തുകയിൽ 6 കോടി രൂപ വിതരണം ചെയ്യുന്നതിനായി ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക ജില്ലാ കളക്ടർ വിതരണം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കണമെന്നും അവ വിതരണം ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

വാരിയക്കുടിയിൽ നിന്ന് ഉരുളംതണ്ണിയിലേക്ക് മാറ്റാൻ തീരുമാനിച്ചതായ 218 കുടുംബങ്ങളിൽ 62 കുടുംബങ്ങൾ നിലവിൽ ഉരുളംതണ്ണിയിൽ താമസിക്കുന്നുണ്ടെന്നും അവിടെ അവർക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യവും നൽകാത്തതിനാൽ മറ്റുള്ളവർ ഈ സ്ഥലത്തേക്ക് വരാൻ താൽപ്പര്യപ്പെടുന്നില്ലെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. അവർക്ക് വേണ്ട സഹായങ്ങൾ നൽകുവാൻ പട്ടികവർഗ്ഗ വകുപ്പ് തയ്യാറാണെന്ന വിവരം സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ഇത് സംബന്ധിച്ച് വനം വകുപ്പ് കേന്ദ്രത്തിൽ കത്ത് അയച്ചിട്ടുണ്ടെന്നും എന്നാൽ, അത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്ന് മറുപടിയൊന്നും ലഭിച്ചിട്ടില്ലെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

വനാവകാശനിയമം അനുസരിച്ച് ആദിവാസികൾക്ക് റോഡിന്റെ ആവശ്യത്തിന് എത്ര കിലോമീറ്റർ സ്ഥലമാണ് കൊടുക്കുന്നത്, അതിന്റെ വീതി എത്രയാണ്, റോഡ് ടാറിംഗ് നടത്തുന്നതിന് സാധിക്കുമോ എന്നീ കാര്യങ്ങൾ സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗക്കാരുടെ കുടിയിലേക്ക് മൂന്നുമീറ്റർ വീതിയായി റോഡ് നിർമ്മിക്കേണ്ടത് ആവശ്യമാണെന്നും ഇതിനായി, ഊരുകൂട്ടം കൂടി പ്രമേയം പാസ്സാക്കി ഡി.എഫ്.ഒ.യ്ക്ക് കൊടുത്താൽ വേണ്ട നടപടി സ്വീകരിക്കാൻ കഴിയുമെന്നും എന്നാൽ റോഡിൽ ടാറിംഗ് അനുവദിക്കാൻ കഴിയില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു.

വനത്തിന്റെ വിസ്തൃതി കുറഞ്ഞുവരുമ്പോൾ വെള്ളവും ഭക്ഷണവും കിട്ടാതെ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുമെന്ന് സമിതി അഭിപ്രായപ്പെട്ടു. പന്നികളുടെ എണ്ണം വർദ്ധിച്ച വരികയാണെന്നും പന്നിയെ വെടിവയ്ക്കാനുള്ള ഉത്തരവ് ലഘൂകരിച്ച് നടപ്പിലാക്കാൻ സാധിക്കുമോ എന്നും സമിതി ആരാഞ്ഞതിന് അവയുടെ എണ്ണം ശാസ്ത്രീയമായി എടുക്കാൻ സാധിക്കുകയില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിനിസ്ട്രേഷൻ) സമിതി മുമ്പാകെ വ്യക്തമാക്കി. ഇതോടൊപ്പം നാട്ടാനകളുടെ പരിപാലനം സംബന്ധിച്ചുള്ള പരാതിയും ഉയരുന്ന സാഹചര്യത്തിൽ ഇതിനായി എന്തെങ്കിലും പരിഷ്കാരങ്ങൾ ആവശ്യമുണ്ടോ എന്ന് പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കേരളത്തിലുള്ള നാട്ടാനകളുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് ഒരു സ്ഥിതിവിവരക്കണക്കെടുക്കുന്നതിനും ഡിസംബർ 25-ന മുമ്പ് ഇതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനും വൈൽഡ്‌ലൈഫ് വാർഡനെ ചുമതല പ്പെടുത്തുകയുണ്ടായി. അതും, ഒപ്പം നായശല്യം ഇല്ലാതാക്കുന്നതിനെക്കുറിച്ചും ആലോചി ക്കണമെന്നും മൃഗപരിപാലനത്തിനു വേണ്ടി വനപ്രദേശത്തോട് ചേർന്ന സ്ഥലം കണ്ടെത്തി അനിമൽ റസ്ക്യൂ സെന്റർ എന്ന നിലയിൽ അവയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി കളെക്കുറിച്ച് സഗൗരവം ആലോചിക്കണമെന്നും സമിതി ചെയർമാൻ നിർദ്ദേശിക്കുക യുണ്ടായി.

സ്വകാര്യഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ വനം വകുപ്പിന്റെ ഭൂമി റവന്യൂ വകുപ്പിന് കൈമാറി പട്ടയം നൽകിയിട്ടും ആ ഭൂമിയിലെ മരം മുറിക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടാകുന്നതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇത്തരം ബുദ്ധിമുട്ടുകൾ വനം വകുപ്പിൽ നിന്നും ഉണ്ടാകുന്നവയല്ലെന്നും ചില പട്ടയങ്ങൾ കൊടുത്തപ്പോൾ അതിൽ ചില പ്രത്യേക മരങ്ങൾ സർക്കാരിന്റേതാണെന്നു സൂചിപ്പിച്ച കാരണം വന്ന പ്രശ്നമാണെന്നും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ സമിതിയെ അറിയിച്ചതിനെ തുടർന്ന് 2005-ലെ വനേതര ഭൂമിയിലെ വൃക്ഷം വളർത്തൽ നിയമപ്രകാരം ചിലയിനം മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണമുണ്ടെന്നും അത് പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതിനാൽ സ്വാഭാവി കമായും കാലതാമസം ഇക്കാര്യത്തിൽ നിലനിൽക്കുന്നുണ്ടെന്നും എന്നാൽ, 2006-നു ശേഷം നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടെന്നും ഇനിയും പരാതികളുണ്ടെങ്കിൽ നിയമ വിധേയമായി പരിശോധിക്കുന്നതാണെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു.

സമിതിയോഗം ഉച്ചയ്ക്ക് 12-ന് അവസാനിച്ചു.

## 31-10-2014-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി 2014 ഒക്ടോബർ മാസം 31 വെള്ളിയാഴ്ച, രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ V D സമ്മേളന ഹാളിൽ ചെയർമാന്റെ അഭാവത്തിൽ സമിതി എക്സ്-ഒഫീഷ്യോ അംഗമായ ബഹു. പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായി:

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.
2. ശ്രീ. ബി. സത്യൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥൻ:

ശ്രീ. സുമൻ ബില്ല, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചേർന്നതായ യോഗത്തിൽ സമിതി "വിനോദസഞ്ചാര കേന്ദ്രങ്ങളെ മാലിന്യമുക്തമാക്കാൻ നടപടി" എന്നവിഷയത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. ഇതോടൊപ്പം ഉത്തരവാദിത്വ വിനോദസഞ്ചാരം, തീർത്ഥാടന ടൂറിസം സർക്യൂട്ട് എന്നീ വിഷയങ്ങളെ സംബന്ധിച്ച സമിതി റിപ്പോർട്ടുകളുടെ കരട്, വിവിധ സമിതി യോഗനിർദ്ദേശങ്ങളിന്മേലുള്ള തുടർനടപടി റിപ്പോർട്ടുകൾ, സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽനിന്ന് ലഭിച്ച റിപ്പോർട്ട് എന്നിവ പരിഗണനയ്ക്കെടുക്കുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നിലവിൽ 85 ടൂറിസം ഡെസ്റ്റിനേഷനുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും ഓരോ വർഷവും 3.69 കോടി രൂപയാണ് ഇതിനായി ചെലവിടുന്നതെന്നും 14 ഡി.റ്റി.പി.സി.-കൾ ഇത്തരത്തിൽ കവർ ചെയ്തുകഴിഞ്ഞുവെന്നും ഈ ജോലി കുടുംബശ്രീ അംഗങ്ങളാണ് ചെയ്യുന്നതെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കുടുംബശ്രീ അംഗങ്ങൾക്ക് നൽകുന്ന വേതനത്തെ സംബന്ധിച്ചും ഇത് കേരളത്തിൽ എവിടെയെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഇത് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും സമിതി ആരാഞ്ഞതിന്,

കോവളം, മലപ്പുറം എന്നിവിടങ്ങളിലാണ് ഇത് കൂട്ടിയതെന്നും മൊത്തത്തിലുള്ള വേതന പരിഷ്കരണം ആവശ്യമാണെന്നും ഓരോ സ്ഥലങ്ങളിലെ സാഹചര്യം പരിഗണനയ്ക്കെടുത്ത് നടപടി സ്വീകരിക്കുന്ന ഈ കാര്യത്തിൽ 10 ശതമാനത്തോളം ആവശ്യം വരുന്നതിനനുസൃതമായി കൂട്ടിയിട്ടുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി. നിലവിലുള്ള ഫണ്ട് ഉപയോഗിച്ച് വർദ്ധനവ് വരുത്തുവാൻ സാധിക്കുകയില്ലെന്നും ഇത് സംബന്ധിച്ചുള്ള റിപ്പോർട്ട് ടൂറിസം ഡയറക്ടറോട് ഒരു മാസത്തിനുള്ളിൽ ആവശ്യപ്പെടാമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുമെന്ന് സമിതി തീരുമാനിക്കുകയുണ്ടായി.

തുടർന്ന് സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇ-ടോയ്ലെറ്റ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സമിതി പരാമർശങ്ങൾക്ക് ഓരോ പ്രദേശത്തെ തദ്ദേശസ്ഥാപനങ്ങളും പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സും വിവിധ സർക്കാർ വകുപ്പുകളും സ്ഥലം നൽകുകയാണെങ്കിൽ ഇവ സ്ഥാപിക്കാൻ ആവശ്യമായ തുക നൽകുന്നതാണെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയോട് വ്യക്തമാക്കി.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ എൻ.എച്ചിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഇ-ടോയ്ലെറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്ന് സമിതി ആരാഞ്ഞതിന് സ്ഥലം ലഭിക്കുമെങ്കിൽ ആവശ്യമായ ഫണ്ട് അനുവദിക്കുമെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇ-ടോയ്ലെറ്റ് സംവിധാനങ്ങളുടെ വിവിധ പ്രോജക്ടുകളായ വിവിധ സംരംഭങ്ങളെ സംബന്ധിച്ച് ഈ അവസരത്തിൽ സമിതിയിൽ പരാമർശം ഉയർന്നുവന്നപ്പോൾ ആയതിനുള്ള ഫണ്ടിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഇതിനായി ഫണ്ട് ലഭ്യമാണെന്നും എന്നാൽ, സ്ഥലപരിമിതി ഒരു പ്രശ്നമായി നിലനിൽക്കുന്നുണ്ടെന്നും സെക്രട്ടറി വിശദമാക്കി.

ഇപ്രകാരം ഭൂതത്താൻകെട്ട് വിനോദസഞ്ചാര കേന്ദ്രത്തിൽ ഇ-ടോയ്ലെറ്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സ്ഥലം ലഭ്യമാണെങ്കിൽ ഇത് ചെയ്യാൻ കഴിയുമെന്നും ഉത്തരവാദിത്വ വിനോദസഞ്ചാരത്തിന്റെ ഭാഗമായി കുമരകത്ത് കമ്മ്യൂണിറ്റി ഡ്രിവൺ ഡീസെൻട്രലൈസ്ഡ് മാനേജ്മെന്റ് സ്കീം നടത്തുന്നുണ്ടെന്നും സംസ്ഥാനത്ത് എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി അറിയിക്കുകയുണ്ടായി.

കോവളത്ത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിൽ ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ തുടർന്ന് യോഗത്തിൽ വിഷയമായപ്പോൾ, ആയത് പരിഹരിക്കുന്നതിന് ടൂറിസം വകുപ്പ് ഡി.റ്റി.പി.സി.-ക്ക് ഫണ്ട് നൽകിയതായും എന്നാൽ, അത് റിലീസ് ചെയ്യാതിരിക്കുന്നതിനാൽ 120-ഓളം പ്ലാന്റുകൾ മാത്രമാണ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. ഇക്കാര്യത്തിൽ, ശുചിത്വ മിഷന്റെ ഫണ്ടുകൂടി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

ഇതോടൊപ്പം ക്ലീൻ കാമ്പയിൻ പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക വളരെ കുറവാണെന്ന് ബോധ്യമായതിനാലും ടൂറിസം പ്രോജക്ടിൽ ക്ലീൻ ഡെസ്റ്റിനേഷന് വളരെ പ്രാധാന്യം നൽകുന്നതിനാലും വരുന്ന സംസ്ഥാന ബഡ്ജറ്റിൽ ഇതിനായുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ നടത്തണമെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

തുടർന്ന് സമിതി ഉത്തരവാദിത്വ വിനോദസഞ്ചാരം സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെയും തീർത്ഥാടന ടൂറിസം സർക്യൂട്ട് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് താഴെപ്പറയുന്ന ഭേദഗതിയോടെയും അംഗീകരിച്ചു:

1. റിപ്പോർട്ടിന്റെ രണ്ടാം പേജിലെ ഖണ്ഡിക നമ്പർ 4-ൽ ഏഴാമത്തെ വരിയിൽ 'മട്ടാഞ്ചേരിയിലെ ജൂത ദേവാലയം' എന്നതിനുശേഷം 'മലയാറ്റൂർ പള്ളി' എന്നുകൂടി ചേർക്കാൻ തീരുമാനിച്ചു.
2. മൂന്നാം പേജിൽ പത്തനംതിട്ട ജില്ലയിലെ വിവിധ ആരാധനാലയങ്ങളുടെ ലിസ്റ്റിൽ മഞ്ഞനിക്കര പള്ളി കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

വിവിധ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച താഴെപ്പറയുന്ന തുടർനടപടി റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 14-2-2013-ലെ സമിതി യോഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്

   (ഫയൽ നമ്പർ 6266/സബ്.സി.എഫ്.1/2012/നി.സെ.)

   ഖണ്ഡിക നമ്പർ 1, 2, 3
2. 16-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്

   (ഫയൽ നമ്പർ 3445/സബ്.സി.എഫ്.1/2013/നി.സെ.)

   ഖണ്ഡിക നമ്പർ 4
3. 23-4-2013-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്

   (ഫയൽ നമ്പർ 3922/സബ്.സി.എഫ്.1/2013/നി.സെ.)

   പരിസ്ഥിതി വകുപ്പ് ഖണ്ഡിക നമ്പർ 1, 2

   വിനോദസഞ്ചാര വകുപ്പ് ഖണ്ഡിക നമ്പർ 1, 2, 3, 4

ജൈവവൈവിദ്ധ്യ സംരക്ഷണം, എക്സ്റ്റൻഷൻ ഫോറസ്ട്രി, സഹ്യ, ഡി.എം.സി. പദ്ധതികളെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് (ഫയൽ നമ്പർ 3527/സബ്.സി.എഫ്.1/2012/നി.സെ.) ഖണ്ഡിക 10.

സമിതിയോഗം രാവിലെ 11.50-ന് പിരിഞ്ഞു.

## 21-1-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2015 ജനുവരി 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി അദ്ധ്യക്ഷനും വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയുമായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. റ്റി. യു. കുരുവിള, എം.എൽ. എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ. എ.
3. ശ്രീ. രാജു എബ്രഹാം, എം.എൽ.എ.
4. ശ്രീ. ബി. സത്യൻ, എം.എൽ.എ.
5. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. പി. കെ. മൊഹന്തി, അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്
2. ശ്രീ. എസ്. സി. ജോഷി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
3. ശ്രീ. ജി. ഹരികുമാർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്‌ലൈഫ് ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ)
4. ശ്രീ. ജെ. ടെഗ്ഗി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വർക്കിംഗ് പ്ലാൻ റിസർച്ച്)

5. ഡോ. ബി. എസ്. കൊറി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എ. ആന്റ് എൻ.ഒ.)

6. ശ്രീ. എൽ. കെ. വർഷിണി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡെവലപ്മെന്റ്)

7. ശ്രീ. ടി. പി. നാരായണൻകുട്ടി, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്.)

8. ശ്രീ. ഓം പ്രകാശ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.ഐ.എസ്.)

9. ശ്രീ. ഡി. കെ. വർമ്മ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ജൈവവൈവിദ്ധ്യ സെൽ)

യോഗത്തിൽ സമിതി, താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു:

I. ചട്ടം 235(എ) പ്രകാരമുള്ള ചർച്ച

**വിഷയം:— "വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ".**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 'വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ' എന്ന വിഷയം സമിതി ചർച്ചചെയ്തു.

സംസ്ഥാനത്തെ വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് സമിതി ആരായുകയുണ്ടായി. ഇതിനായി നിരവധി കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടെന്നും 3213 സ്ക്വയർ കിലോമീറ്റർ ഭൂമി വനസംരക്ഷണപ്രകാരം സംരക്ഷിച്ചുവരുന്നുണ്ടെന്നും ഇത് സംസ്ഥാനത്തെ ആകെ വനവിസ്തൃതിയുടെ 28.41% വരുമെന്നും കൂടാതെ, ജൈവവൈവിദ്ധ്യവുമായി ബന്ധപ്പെട്ട് 10 ഇനം പരിപാടികൾ നടപ്പിലാക്കിവരുന്നതായും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. അതോടൊപ്പം പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം, വനത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, വനത്തിലും വനേതരഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ, വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണം, പരിപാലനം, ഭൗതിക ആവശ്യങ്ങൾക്കായി വനസമ്പത്തിന്മേലുള്ള ആശ്രിതത്വവും അതുമൂലമുണ്ടാകുന്ന

സമ്മർദ്ധവും ലഘൂകരിക്കൽ, വനത്തിലുള്ള സസ്യ-ജന്തു ജനുസ്സുകളുടെ ജീൻപൂൾ സംരക്ഷണം, ആദിവാസി ഗോത്രവിഭാഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ, കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പുനിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടുപുരയിടങ്ങൾ എന്നിങ്ങനെ വനാതിർത്തിക്ക പുറത്തുള്ള പ്രദേശങ്ങളിൽ ജൈവവൈവിദ്ധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ, വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ തുടങ്ങിയ വനസംരക്ഷണവുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളും ചെയ്തുവരുന്നതോടൊപ്പം ഓരോ ആദിവാസി കുടുംബത്തിൽ നിന്നും ഒരാൾക്കെങ്കിലും തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നതായും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സി. ആന്റ് എ.എഫ്.എം.) വിശദമാക്കി.

മരങ്ങൾ മുറിച്ചുമാറ്റുന്ന നടപടികളിൽ വനം വകുപ്പിന്റെ ഇടപെടൽ ഉണ്ടാകുന്നതു കാരണം നേരിടേണ്ടിവരുന്ന വൈഷമ്യങ്ങൾ സമിതിയിൽ ചർച്ചാവിഷയമായി. വനേതര ഭൂമിയിലെ മരങ്ങൾ പോലും മുറിച്ചുമാറ്റുന്ന നടപടികളിൽ പോലും വനം വകുപ്പ് ഇടപെടുന്ന വെന്നും മരങ്ങൾ മുറിക്കുവാൻ അനുവദിക്കുന്നില്ലെന്നുമുള്ള കാര്യം യോഗത്തിൽ ചൂണ്ടിക്കാട്ടുകയുണ്ടായി.

വനങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം മനുഷ്യന്റെ സ്വൈര്യജീവിതത്തിന് ഹാനികരമായ വ്യവസ്ഥകളോ നിയമങ്ങളോ ഉണ്ടാകാതെ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരത്തിൽ, ഗോത്രവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ ക്ഷേമത്തിനായി നല്കിയതായ ചിന്നക്കനാലിലെ ഭൂമിയിലെ പൈൻമരങ്ങൾ മുറിച്ചുമാറ്റുവാൻ കഴിയാത്ത അവസ്ഥയാണുള്ള തെന്ന് തദവസരത്തിൽ സമിതി ചൂണ്ടിക്കാട്ടി.

മൂന്നാർപോലുള്ള പ്രദേശങ്ങളിൽ പന്നികളുടേയും കുരങ്ങുകളുടേയും എണ്ണം വർദ്ധിച്ചു വരുന്നതിനാൽ മനുഷ്യവാസത്തിന് ബുദ്ധിമുട്ട് നേരിടുന്നതായും കൃഷിനാശം ഉണ്ടാകുന്നതായും ഇതിന് പരിഹാരം കാണുന്നതിന് നടപടിയെടുക്കണമെന്നും സമിതി അഭിപ്രായപ്പെടുക യുണ്ടായി. വനത്തിനുള്ളിൽ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരം സമിതിക്ക് നൽകണമെന്നാവശ്യപ്പെട്ടിട്ട് പ്രസ്തുത വിവരം നാളിതുവരെ ലഭിച്ചിട്ടില്ലയെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

ഇടുക്കിയിലെ വണ്ടൻമേടിലുള്ള പുറ്റാടിയിൽ എട്ട് ഏക്കറോളം സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റിയതിനെ സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും ഇക്കാര്യം പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്നും സമിതി ആവശ്യപ്പെട്ടു. മേൽ വിഷയം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ്

ഫോറസ്റ്റ്സ് സമിതിയെ അറിയിച്ചു. അതുപോലെ കൃഷിഭൂമിയിൽ നിന്ന് യൂക്കാലി മരം ഒഴിവാക്കണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനമെടുത്തിട്ടും പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ., യൂക്കാലി കൃഷി ചെയ്യുന്നതിനാൽ ഈ നടപടി സർക്കാർ പുനഃപരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ യൂക്കാലി എച്ച്.എൻ.എൽ.-ന്റെ അസംസ്കൃത വസ്തുവാണെന്നും അവർ ഗവൺമെന്റുമായി ഉണ്ടാക്കിയിരിക്കുന്ന കരാറിന്റെ അടിസ്ഥാനത്തിൽ പഴയ തോട്ടങ്ങളിലാണ് കൃഷി ചെയ്യുന്നതെന്നും പാട്ടകാലാവധി തീരുന്നതിനു മുൻപ് ഈ വിഷയത്തിൽ ഇടപെടുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടെന്നും ഇതിന്റെ പ്രത്യാഘാതം എന്താണെന്ന് പരിശോധിക്കാമെന്നും ചെയർമാൻ വ്യക്തമാക്കി.

കോട്ടയത്തെ തദ്ദേശീയ വനമേഖലയിൽ മരം മുറിക്കുന്നതിന് ആദിവാസികളെ അനുവദിക്കാതിരിക്കുന്ന വിഷയം തുടർന്ന് ചർച്ചാ വിഷയമായപ്പോൾ ആദിവാസികൾക്ക് സ്വന്തം ആവശ്യത്തിനായി അവർ നട്ടുവളർത്തിയ മരം മുറിക്കുന്നതിന് തടസ്സമൊന്നുമില്ലെന്നും ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്ന രീതിയിലുള്ള കച്ചവട പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വൈൽഡ്‌ലൈഫ് ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ബോധിപ്പിച്ചു.

വനത്തിലുള്ള മൃഗങ്ങൾ പുറത്തുവരാതിരിക്കാൻ ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്നും വന്യമൃഗങ്ങളുടെ ഉപദ്രവം നിയന്ത്രിക്കുന്നതിനും മൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ആവശ്യമായ ഭക്ഷണം, വെള്ളം എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും ഈ വിഷയം പത്തിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിയ സമിതി ഈ വിഷയം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ആരാഞ്ഞു. പ്രസ്തുത വിഷയത്തിന് പ്രധാനമായും രണ്ട് വശങ്ങളുണ്ടെന്നും വനാതിർത്തിയിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയാണെങ്കിൽ ഫലം ഭക്ഷിക്കാനായി ആനകൾ വരുന്നത് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നും ഇത് പരിഹരിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ആനത്താവളങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന കോമ്പോസിറ്റ് സ്കീം ഉണ്ടാക്കാൻ തീരുമാനിക്കുകയാണുണ്ടായതെന്നും പ്ലാനിംഗ് ബോർഡിൽ ഈ വിഷയം വളരെ ഗൗരവമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സി. ആന്റ് എ. എഫ്. എം.) സമിതിയിൽ ബോധിപ്പിച്ചു.

വന്യജീവി ആക്രമണ വിഷയത്തിൽ കുരങ്ങ്, പന്നി എന്നീ ജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതിനാൽ ആ പ്രദേശത്ത് കൃഷി ചെയ്യാൻ സാധിക്കുന്നില്ലെന്ന് അഭിപ്രായപ്പെട്ട സമിതി, ഈ വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിന്

പ്രാപ്തമായ റിസർച്ച് വിംഗ് ഉണ്ടോ എന്നും ആരായുകയുണ്ടായി. ഇപ്രകാരം ഫലപ്രദമായ പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി വിലയിരുത്തി.

ഈ വിഷയത്തോടനുബന്ധമായി കൃഷി രക്ഷാ പദ്ധതിയിൽ 259 കോടി രൂപയുടെ പദ്ധതിക്ക് ഗവൺമെന്റിന്റെ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിൽ 14 കോടി രൂപ മാത്രമെ ലഭിച്ചിട്ടുള്ളുവെന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ഏറ്റവും കൂടുതൽ പ്രശ്നബാധിത പ്രദേശങ്ങൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി. ആന്റ് പി. എഫ്. എം.) വിശദമാക്കി.

കൂടാതെ വന്യജീവി ആക്രമണം തടയുന്നതിനായി 2141 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ടെന്നും ഇതിൽ 8 കി.മീ. ചുറ്റളവിൽ ആന പ്രതിരോധ ഭിത്തിയും 50 കി.മീറ്ററിൽ കല്ലുപതിപ്പിച്ച കിടങ്ങും, 4 കി.മീറ്ററിൽ റെയിൽപ്പാളങ്ങൾ ഉപയോഗിച്ചുള്ള ബാരിക്കേഡുകളും 2 കിലോമീറ്ററിൽ ജൈവവേലികളും 10 കിലോമീറ്ററിൽ സൗരോർജ്ജ വേലികളും ഉൾപ്പെടെ 74 കി.മീറ്റർ ദൂരം ഉൾപ്പെടുമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ബയോഡൈവേഴ്സിറ്റി സെൽ) സമിതിയെ അറിയിച്ചു. മേൽ വിഷയത്തിൽ പഠനം നടത്തിയതായ റിസർവ് വിംഗിന്റെ റിപ്പോർട്ടും അതുപോലെ ഇതുമായി ബന്ധപ്പെട്ട റൂൾസിന്റെ കരടും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന് ചാലക്കയം വനത്തിനുള്ളിൽ താമസിക്കുന്ന നാൽപ്പതോളം പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നിലയ്ക്കലിനടുത്തുള്ള 'ളാഹ' എന്ന സ്ഥലം നിർദ്ദേശിച്ചിരുന്നുവെങ്കിലും ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം സമിതി ചൂണ്ടിക്കാട്ടി. പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി കൂടി പങ്കെടുത്ത യോഗതീരുമാന പ്രകാരം വീട് വയ്ക്കുന്നതിനുള്ള പദ്ധതി ഡെപ്പോസിറ്റ് വർക്കായി ഏൽപ്പിച്ചു കൊടുത്തിട്ടുണ്ടെന്നും ഈ പ്രവൃത്തി കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും ചെയർമാൻ സമിതിയെ അറിയിച്ചു

കുപ്പിവെള്ള നിർമ്മാണം പ്രൊഫഷണലായി ചെയ്യുമെന്ന തീരുമാനത്തിൽനിന്ന് പിൻമാറുന്നതിനെ സംബന്ധിച്ച് യോഗത്തിൽ സമിതി ആരാഞ്ഞപ്പോൾ, ഇതുമായി ബന്ധപ്പെട്ട് സെൻട്രൽ റീജിയണൽ ഓഫീസ് ചില പരാതികൾ ഉന്നയിച്ചിരുന്നുവെന്നും, ഇതിന്, മറുപടി നൽകിയിട്ടുണ്ടെന്നും അനുകൂലമായ മറുപടി കിട്ടിയാൽ മാത്രമെ പദ്ധതിയു മായി മുന്നോട്ടു പോകാൻ സാധിക്കുകയുള്ളുവെന്നും, കുപ്പിവെള്ള ഉല്പാദനവുമായി ബന്ധപ്പെട്ട് അഴുതയിൽ പൂർണ്ണതോതിൽ പ്രവർത്തനം നടക്കുന്നുണ്ടെന്നും പുനലൂരിലെ

പ്ലാന്റിന്റെ കാര്യത്തിലാണ് ഒബ്ജക്ഷൻ ഉള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് പി. എഫ്. എം.) വ്യക്തമാക്കി.

കട്ടനുഴ പ്രദേശത്തുനിന്നും 218 കുടുംബങ്ങളെ പുനരധിവാസിപ്പിക്കാൻ സ്ഥലം നൽകുന്ന വിഷയത്തിൽ വിശദവിവരങ്ങൾ സമിതി ആരായുകയുണ്ടായി. വനത്തിനുള്ളിൽ നിന്ന് പുറത്തുവരുന്ന ആദിവാസികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കാത്തതിന്റെ ഫലമായി അവർ മടങ്ങി പോകാനും മറ്റുള്ളവർ ഇവിടേക്ക് വരാതിരിക്കാനും സാധ്യതയുണ്ടെന്നും അതിനാൽ അവരെ വനത്തിനു പുറത്തു കൊണ്ടുവരുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും സമിതി നിർദ്ദേശിച്ചു. റോഡരികിലുള്ള സ്ഥലമാണ് ആദിവാസികളെ മാറ്റിപാർപ്പിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളതെന്നും ഇതിനായി, ഡൽഹിയിൽ നിന്നുള്ള ക്ലിയറൻസ് നേടിയെടുക്കുന്നതിന് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുമെന്നും ഈ വിഷയത്തോടനുബന്ധമായി ചെയർമാൻ സമിതിയെ അറിയിച്ചു.

അതുപോലെ, മലയാറ്റൂരിലെ ആദിവാസി കോളനിയിൽ, വനത്തിനുള്ളിൽ നിന്ന് നാൽപ്പത് ശതമാനത്തോളം ആളുകൾ മാറി താമസിക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും ബാക്കിയുള്ളവർ മാറുന്നതിന് തയ്യാറാകുന്നില്ല എന്നത് ഒരു പ്രശ്നമാണെന്നും അതിനാൽ, ഇതിന്മേൽ പരിഹാരം ഉണ്ടാകേണ്ടതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ഓഫീസർ സമിതിയെ അറിയിച്ചു. ജനപങ്കാളിത്തത്തോടെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ സ്കീമുമായി സഹകരിച്ച് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തുടർന്ന്, പട്ടയഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമിതി ആരാഞ്ഞതിന് ചന്ദനം, തേക്ക്, എബാനി, റോസ്‌വുഡ് എന്നീ നാലിനം മരങ്ങൾ, സ്വന്തം ആവശ്യത്തിനാണെങ്കിൽ പോലും കർഷകർക്ക് മുറിക്കുന്നതിന് സാധിക്കില്ലെന്നും സംസ്ഥാന വനനിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമെ മരങ്ങൾ മുറിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ബന്ധപ്പെട്ട നിയമങ്ങൾ ഭേദഗതി ചെയ്യപ്പെടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

മാമലകണ്ടം മുതൽ കളത്തികുടി വരെയുള്ള റോഡ് നിർമ്മാണം യോഗത്തിൽ ചർച്ചാവിഷയമായപ്പോൾ, ആയതിലെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാതിരിക്കുന്ന വിഷയം യോഗത്തിൽ ചർച്ചാ വിഷയമായി. ഈ റോഡ് മൂന്നുമീറ്റർ വീതിയിൽ മെറ്റൽ ചെയ്ത് തീർക്കാമെന്നാണ് ഡി.എഫ്.ഒ.-യുടെ തീരുമാനമെന്നും ഗ്രീൻ ട്രൈബ്യൂണലിൽ ആരെങ്കിലും പരാതി നൽകുകയാണെങ്കിൽ നിലവിലുള്ള റോഡ് സൗകര്യം പോലും നഷ്ടമാകുമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു. നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിലേക്കായി വനം വകുപ്പിലേക്ക് അപേക്ഷ വരേണ്ടതുണ്ടെന്നും, ഇത് മലയോര ഹൈവേ ആയി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ PWD ആവശ്യപ്പെട്ടാൽ ചെയ്യാൻ കഴിയുമെന്നും, എത്ര വീതി വേണമെന്നും ചെലവാകുന്ന തുകയെ സംബന്ധിച്ചും ഒരു സർവ്വേ നടത്തണമെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

വിവിധ പ്രദേശങ്ങളിലെ കൃഷി ആന നശിപ്പിക്കുന്നതിനെതിരെയും, വനപരിപാലനവുമായി ബന്ധപ്പെട്ട് ധനമന്ത്രി പ്രഖ്യാപിച്ച 50 കോടി രൂപ ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ഒരു സ്കീം തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആനകളുടെ വാസസ്ഥലം മനുഷ്യൻ കയ്യടക്കിയത് വലിയ ഒരു പ്രശ്നമാണെന്നും ഇതിൽ ശാശ്വതമായ പരിഹാരം കാണേണ്ടതുണ്ടെന്നും, ധനമന്ത്രി പ്രഖ്യാപിച്ച ഫണ്ട് ലഭിച്ചിട്ടില്ലെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ) സമിതിയെ അറിയിച്ചു.

വന്യമൃഗശല്യം ഇല്ലാതാക്കുന്നതിനായി 259 കോടി രൂപയുടെ പദ്ധതി നിലവിലുണ്ടെങ്കിലും ലഭ്യമായ തുക 14 കോടി രൂപ മാത്രമാണെന്നും തുക വർദ്ധിപ്പിക്കണമെന്നുമുള്ള സമിതി നിരീക്ഷണത്തിന് ഈ വർഷം അനുവദിക്കപ്പെട്ട തുക കൊണ്ട് പദ്ധതി നടപ്പാക്കണമെന്നാണ് ആസൂത്രണ കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നതെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ബയോഡൈവേഴ്സിറ്റി സെൽ) വിശദമാക്കി.

ആറളം ഫാമുമായി ബന്ധപ്പെട്ട് ആദിവാസികൾക്ക് നൽകിയ സ്ഥലത്ത് ആന ഇറങ്ങുന്നതിനാൽ ആ സ്ഥലം സ്വീകരിക്കാൻ അവർ തയ്യാറാകുന്നില്ല എന്നതും, വിവിധ ജില്ലകൾക്കായി വന്യജീവി പ്രതിരോധ പ്രവർത്തനങ്ങൾക്കായി നൽകിയ തുകയിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതായും പത്തനംതിട്ട പോലുള്ള ജില്ലകൾക്ക് വളരെ തുച്ഛമായ തുകയാണ് നൽകിയിരിക്കുന്നതെന്നും, വയനാട്, കണ്ണൂർ, പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിലാണ് മനുഷ്യ-മൃഗ സംഘർഷത്തിന്റെ പ്രശ്നം നിലനിൽക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്ലൈഫ് ആന്റ് ചീഫ് വാർഡൻ സമിതിയെ അറിയിച്ചു.

ആനക്കയം പാലത്തിന് 17 കോടി രൂപ സാങ്ഷൻ ആയിട്ടുള്ളത് ലാപ്സ് ആകാതെ സംരക്ഷിക്കാൻ ആവശ്യമായ തുടർനടപടി സ്വീകരിക്കണം എന്ന് തദവസരത്തിൽ സമിതി നിർദ്ദേശിച്ചു. കണ്ണൂർ ജില്ലയിലെ കൊട്ടിയൂരിലും ആറളം ഫാമിലുമായി ചെന്നായ്ക്കളുടെ ശല്യം രൂക്ഷമാണെന്നും, ഇതുമൂലം ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ലഭിക്കുന്ന ആശ്വാസധനം വളരെ കുറവാണെന്നും, ഇത്തരം സംഭവങ്ങൾ ഹെഡ്ക്വാർട്ടേഴ്സിൽ റിപ്പോർട്ട് ചെയ്യുന്നതിന് സംവിധാനമുണ്ടാക്കണമെന്നും, പ്രാദേശികമായി വരുന്ന ഇത്തരം സംഭവങ്ങൾ ദൈനംദിനം ശേഖരിച്ച് അറിയിക്കുന്നതിനുള്ള ക്രമീകരണം ഹെഡ്ക്വാർട്ടേഴ്സിൽ ഉണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി വേലി കെട്ടിയതും സോളാർ ഫെൻസിംഗ് സ്ഥാപിച്ചതും ഉൾപ്പെടെയുള്ള തുകയുടെ കണക്കുകൾ അടുത്ത കമ്മിറ്റിയിൽ രേഖാമൂലം സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

കാട്ടുപന്നികളുടെ ആക്രമണം ഫലപ്രദമായി നേരിടുന്നതിനായി നടപടി സ്വീകരി ക്കേണ്ടതിന്റെ ആവശ്യകത സമിതിയിൽ ചർച്ചാവിഷയമായപ്പോൾ അവയെ വെടിവെയ്ക്കുന്ന തിനുള്ള അനുമതി നൽകാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിക്കുകയും ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ G.O. (Ms.) No. 95/2014/F&WLD. dated 17-11-2014 എന്ന ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ്‌ലൈഫ് ആൻഡ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ) വ്യക്തമാക്കുകയും ചെയ്തു. തുടർന്ന്, പ്രസ്തുത ഉത്തരവ് വന്നതിനുശേഷം പന്നിയെ വെടിവെച്ച കേസുകൾ എവിടെയെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും, പന്നികളെ കുടുക്കിട്ട് പിടിച്ച് വനം വകുപ്പിനെ ഏൽപ്പിക്കാനുള്ള അനുവാദം നൽകുന്നതിനെ സംബന്ധിച്ചും സമിതി ആരാഞ്ഞതിന്, ഇത്തരത്തിൽ വെടിവെച്ചതായി ഒരു കേസ് കോഴിക്കോട് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അതേസമയം അത്യാവശ്യം സന്ദർഭങ്ങളിൽ പന്നികളെ കുടുക്കിട്ടുപിടിക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിലും ഇത്തരത്തിൽ കേസുകളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും മൊത്തത്തിൽ കർഷകവിരുദ്ധമായ ഒരു നിലപാടും സർക്കാർ സ്വീകരിക്കില്ലെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

II. <u>കരട് ചട്ടങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കാതിരുന്നതു സംബന്ധിച്ച തെളിവെടുപ്പ്</u>

The Kerala Forest (Regulation of Saw Mills and Other Wood Based Industrial Units) Rules, 2012 (S.R.O. No. 269/12) എന്ന ചട്ടത്തിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ കരട് ചട്ടം ലഭ്യമാകാ തിരിക്കുന്നത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുക്കുക യുണ്ടായി.

ഇതിനായി, സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്ന നിയമ വകുപ്പിന്റെ ഉപദേശപ്രകാരമാണ് കരട് ചട്ടം സൂക്ഷ്മപരിശോധനയ്ക്ക് അയച്ചിട്ടുള്ളതെന്നും, ആയത്, കിട്ടാതിരിക്കുന്ന സാഹചര്യ ത്തിലാണ് പ്രസ്തുത കരട് ചട്ടം സമിതിയിൽ സമർപ്പിക്കുവാൻ കഴിയാതിരിക്കുന്നത് എന്നും എംപവേർഡ് കമ്മിറ്റി ചെയർമാൻ അവധിയിലാണെന്ന് അറിയുവാൻ കഴിഞ്ഞതിനാൽ അതിനുശേഷം ഇതിനോടനുബന്ധമായി ഒരു കത്തിടപാട് നടത്തിയിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഡി. ആന്റ് ഫി.എഫ്.എം.) വിശദമാക്കി. കൂടാതെ ഈ വിഷയം സംബന്ധിച്ച് ധാരാളം കേസുകൾ തീർപ്പാക്കാ നുണ്ടെന്നും പരമ്പരാഗതമായി ആശാരിപണിയും മറ്റും ഉപജീവനമാക്കിയിട്ടുള്ളവർക്ക് അവരുടെ സ്ഥാപനങ്ങളിൽനിന്ന് 5 കി.മീറ്റർ വനാതിർത്തിക്കുള്ളിൽ (സംരക്ഷിത

പ്രദേശങ്ങളിൽ) ഒരു തരത്തിലുള്ള മെഷീനുകളും പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്നും, 2002-നു മുമ്പ് പ്രവർത്തിച്ചിരുന്ന തടിയിതര വ്യവസായങ്ങൾ സംബന്ധിച്ച ഒരു പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും ഈ കാര്യങ്ങൾ കൂടി പരിശോധിക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഫോറസ്റ്റ്സ് ആന്റ് വൈൽഡ്‌ലൈഫിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. തുടർന്ന് ഇക്കാര്യത്തിൽ വേഗത്തിലൊരു തീർപ്പുണ്ടാക്കി അറിയിക്കുവാൻ സമിതി നിർദ്ദേശിച്ചു

III. വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെ പരിഗണന

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച് താഴെപ്പറയുന്ന വർഷങ്ങളിലെ റിപ്പോർട്ടുകളിലുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു :

(1) 2013-2014 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 2475/സബ്.സി.എഫ് 1/13/ലെജി.)

ഖണ്ഡിക 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15

(2) 2014-2015 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 3445/സബ്.സി.എഫ് 1/14/ലെജി.)

ഖണ്ഡിക 15, 16, 17, 18

IV. കരട് റിപ്പോർട്ടിന്റെ പരിഗണന

'കാവുകളുടെ സംരക്ഷണം' എന്ന വിഷയം സംബന്ധിച്ചുള്ള സമിതിയുടെ പ്രത്യേക റിപ്പോർട്ടിന്റെ കരട് യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

(ഫയൽ നമ്പർ 4395/സബ്.സി.എഫ്1/14/ലെജി.)

വൈകുന്നേരം 4.30-ന് സമിതി യോഗം അവസാനിച്ചു.

## 24-2-2015-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച പത്താം വിഷയനിർണ്ണയ സമിതി, 2015 ഫെബ്രുവരി 24, ചൊവ്വാഴ്ച, ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ V D സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. പി. അനിൽ കുമാറും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു :

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ. എ.
2. ശ്രീ. റ്റി. യു. കുരുവിള, എം.എൽ. എ.
3. ശ്രീ. ബി. സത്യൻ, എം.എൽ.എ.
4. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ടി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ഹരീഷ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജി. കമലവർദ്ധന റാവു, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ശ്രീ. ടി. കെ. ഷാജി, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
3. ശ്രീ. എം. രഘുദാസൻ, മാനേജിംഗ് ഡയറക്ടർ, ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം ചേർന്ന യോഗത്തിൽ സമിതി വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട 'കായൽ ടൂറിസം വികസനം', 'ബേക്കൽ ടൂറിസം പദ്ധതി' എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയും "വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ" എന്ന വിഷയം സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സംസ്ഥാനത്ത് വിനോദസഞ്ചാരവകുപ്പിന്റെ ഭാഗത്തുനിന്ന് കായൽ ടൂറിസത്തിന്റേയും ബേക്കൽ ടൂറിസത്തിന്റേയും വികസനത്തിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്നതിന്റെ വിശദവിവരങ്ങൾ യോഗത്തിൽ സമിതി ആരാഞ്ഞതിന്, സംസ്ഥാനത്തെ പ്രധാനപ്പെട്ട ബാക്ക്‌വാട്ടർ ടൂറിസം ഡെസ്റ്റിനേഷനുകളായ കുമരകം, അഷ്ടമുടി, കാപ്പിൽ എന്നിവയുടെ സമഗ്രവികസനത്തിനായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 52 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും, അതിൽ, 42 കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമാണെന്നും ഇതിനായി, മൊത്തം 12.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ച വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി, ഈ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കാനുള്ള തുക കൂടി കിട്ടിയാലേ പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളുവെന്നും വ്യക്തമാക്കി. വർക്കല-കോട്ടപ്പുറം ബാക്ക്‌വാട്ടർ ടൂറിസം പദ്ധതിയിലൂടെ ഉൾനാടൻ ജലഗതാഗതത്തിന് അനുബന്ധമായി കായലുകളെയും തുരുത്തുകളെയും ചെറുകനാലുകളെയും ബന്ധിപ്പിച്ച് സമഗ്രമായ വിനോദസഞ്ചാര വികസന പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും, കൊല്ലം അഷ്ടമുടി കേന്ദ്രീകരിച്ച് 2 കോടി രൂപ ചെലവുവരുന്ന പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡി.റ്റി.പി.സി. വഴിയുള്ള 6 വില്ലേജ് ബാക്ക്‌വാട്ടർ ടൂർ പദ്ധതിയിൽ എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ടിനെ കൂടി ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സമിതിയിൽ പരാമർശമുണ്ടായി.

അതുപോലെ, കോട്ടയത്തെ കോടിമതാ പ്രോജക്ടിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ച സമിതി, ഈ പണി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ടെന്നും ജൂൺ മുതൽ ഒക്ടോബർ വരെ മാസങ്ങളിൽ മഴയായതിനാൽ, തുക ലാപ്സായി പോകാതിരിക്കുവാനും മേയ് മാസത്തിനുമുമ്പ് ജോലികൾ പൂർത്തിയാക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ കൂടുതൽ വിശദവിവരങ്ങൾ സമിതി ആരാഞ്ഞപ്പോൾ, 8 കോടി രൂപാ അടങ്കൽ തുകയുള്ള കോടിമതാ പ്രോജക്ടിനുവേണ്ടി 2.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ വിശദമാക്കി.

കോട്ടയത്തെ തന്നെ ഡെവലപ്മെന്റ് ഓഫ് കോഡൂർ റിവർസൈഡ് അറ്റ് വാക്ക് വേയുടെ പണിയും ഉടനെ പൂർത്തീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി.

തുടർന്ന്, തട്ടേക്കാട് ഒരു ബോട്ട്ജെട്ടി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ, ഇത് നടപ്പാക്കുന്നുണ്ടെന്നും എറണാകുളത്തെ തന്നെ താന്തോന്നിതുരുത്ത് ബോട്ട്ജെട്ടിയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ടെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

അതിരപ്പിള്ളി വെള്ളച്ചാട്ടത്തോട് ചേർന്നു ഡി.റ്റി.പി.സി.-യുടെ ഒന്നര ഏക്കർ സ്ഥലം ഉപയോഗിക്കാതെ ഇരിക്കുന്നതായി ഈയവസരത്തിൽ സമിതി ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ സ്ഥലം ഫലപ്രദമായി ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക, അതിരപ്പിള്ളി ഫെസിലിറ്റേഷൻ ഇൻഫർമേഷൻ സെന്റർ, അതിരപ്പിള്ളി വെള്ളച്ചാട്ടത്തോട് ചേർന്ന് കാർ റാപ്പ് വേ എന്നിവ ആരംഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുക എന്നീ കാര്യങ്ങളിലും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു.

ഭൂതത്താൻ കെട്ടിൽ നിർമ്മിക്കുന്ന ക്വാർട്ടേഴ്സിന്റെ പണി ഇതുവരെ ആരംഭിക്കാത്തതു സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.റ്റി.ഡി.സി.-യെ ഏൽപ്പിച്ചിട്ടുണ്ടെന്നും 95 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഒരു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷം രൂപ ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന് ആരാഞ്ഞപ്പോൾ, പണി ചെയ്യുന്നമുറയ്ക്ക് ആവശ്യമായ പണം ലഭ്യമാക്കുവാൻ കഴിയുമെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

തുടർന്ന് 'വനത്തിനുള്ളിലും സമീപപ്രദേശങ്ങളിലും അധിവസിക്കുന്നവർ അഭിമുഖീകരിക്കുന്ന വൈഷമ്യങ്ങൾ' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.40-ന് അവസാനിച്ചു.